2023 നവംബർ 25

ബിലീവേഴ്സ് ക്രൈസ്തവ ദ്വൈവാരിക ജേണൽ

BELIEVERS JOURNAL

VOL:16 ISSUE: 10 RNI.NO.KERMAL/2008/26530 Pages: 17

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 101–ാമത് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



റവ. സി.സി തോമസ് (സ്റ്റേറ്റ് ഓവർസിയർ)



റവ. വൈ റെജി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്)



പാസ്റ്റർ സജി ജോർജ്ജ് (സ്റ്റേറ്റ് സെക്രട്ടറി)



ഡോ. ഷിബു കെ മാത്യു (എഡ്യുക്കേഷൻ ഡയറക്ടർ)

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 101–ാമത് ജനറൽ കൺവൻഷൻ 2024 ജനുവരി 22 മുതൽ 28 വരെ തിരുവല്ലയിലുള്ള ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. സ്വദേശത്തും വിദേശത്തുമുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനും വിജയകരമായ നടത്തിപ്പിനും വേണ്ടി സ്റ്റേറ്റ് ഓവർസിയർ റവ. സി.സി തോമസ് ജനറൽ കൺവീനറായും അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി, എഡ്യുക്കേഷൻ ഡയറക്ടർ ഡോക്ടർ ഷിബു. കെ മാത്യു, കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജ് എന്നിവർ ജോയിന്റ് ജനറൽ കൺവീനറായും ഉള്ള വിപുലമായ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

വിവിധ കമ്മിറ്റികളുടെ കൺവീനേഴ്സ് ആയി പാസ്റ്റർമാരായ ഫിന്നി ജോസഫ് (ഫിനാൻസ്), സാംകുട്ടി മാത്യു (സ്റ്റേജ്), പി. സി. ചെറിയാൻ (പബ്ലിസിറ്റി) ജെ. ജോസഫ് (അക്കമൊഡെഷൻ) റ്റി. എം. മാമ്മച്ചൻ (സ്നാനം) വൈ. ജോസ് (കർത്തൃമേശ) ബാബു ചെറിയാൻ (വോളന്റിയേഴ്സ്), ബെൻസ് എബ്രഹാം (സീറ്റിങ്ങ്), ലൈജു നൈനാൻ (പ്രയർ), ജോൺസൻ ഡാനിയേൽ (പന്തൽ), ഷൈജു തോമസ് ഞാറയ്ക്കൽ (മീഡിയ), തോമസ്കുട്ടി എബ്രഹാം (സ്തോത്രകാഴ്ച്ച), എ. പി. അഭിലാഷ് (സ്റ്റാൾ), വിനോദ് ജേക്കബ് (പരിഭാഷ), പി എ ജറാൾഡ് (ലൈറ്റ് &സൗണ്ട്), റ്റി എ ജോർജ് (ഇൻഫർമേഷൻ), വൈ മോനി (പബ്ലിക്കേഷൻ), ഷിജു മത്തായി (ഫുഡ്), ബോവസ് രാജു (മ്യൂസിക്), പാസ്റ്റർ അലക്സാണ്ടർ ജോർജ് (കൗൺസിലിംഗ്), കെ. ജി. ജോൺ (റിസപ്ഷൻ), വി. പി. തോമസ് (നിർദേശങ്ങൾ & പരാതികൾ) മാത്യു ബേബി (സെക്യൂരിറ്റി) അനീഷ് ഏലപ്പാറ (പബ്ലിക് റിലേഷൻ), കെ. വി. ഗീവർഗീസ് (ഗ്രൗണ്ട്), ജോസഫ് മറ്റത്തുകാല (വിജിലൻസ്), ബിജു കെ സാം (ട്രാൻസ്പോർട്ടേഷൻ), നോബിൾ ജേക്കബ് (സ്റ്റുഡന്റ്സ് ഇൻ ചാർജ്), സാബു വഴക്കൂട്ടത്തിൽ (വാട്ടർ സപ്ലൈ), എബ്രഹാം എം. തോമസ് (പാർക്കിംഗ്), അജി കുളങ്ങര (മെയ്ന്റനൻസ്), റ്റി. യോഹന്നാൻ (ലിറ്ററേച്ചർ), ഡോക്ടർ ഐസക് സൈമൺ (മെഡിക്കൽ), ബിനോയി പി. അലക്സ് (ഓഫീസ്), സിസ്റ്റർ സുനു തോമസ് (വോളന്റീയേഴ്സ്)

യശ്ശശരീരനായ അമേരിക്കൻ മിഷണറി റവ. റോബർട്ട് ഫെലിക്സ് കുക്ക് 1923-ൽ ആറാട്ടുപുഴയിൽ പമ്പാനദിയുടെ മണൽപ്പുറത്ത് ആരംഭം കുറിച്ച ജനറൽ കൺവൻഷൻ 101 വർഷങ്ങൾ പിന്നിടുകയാണ്. കൺവൻഷന്റെ സുഗമമായ ന

15

# തിരുവല്ലയിലെ ഐക്യ കൺവൻഷൻ ജനുവരി 07 മുതൽ 14 വരെ

വിവിധ പെന്തെക്കോസ്ത് സഭകളുടെ നേതൃത്വത്തിൽ 2024 ജനുവരി 7 മുതൽ 14 വരെ തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന ഐക്യ കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ. സി. ജോൺ എന്നിവർ ചെയർമാന്മാരായും പാസ്റ്റർ കെ. സി. തോമസ്, പാസ്റ്റർ സി. സി. തോമസ്, പാസ്റ്റർ വി. റ്റി. എബ്രഹാം, പാസ്റ്റർ എബ്രഹാം ജോസഫ്, പാസ്റ്റർ ആർ. ഏബ്രഹാം, പാസ്റ്റർ എൻ. പി. കൊച്ചുമോൻ, പാസ്റ്റർ ഒ. എം. രാജുക്കുട്ടി തുടങ്ങിയവർ രക്ഷാധികാരിമാരായും ബ്രദർ ഗ്ലാഡ്സൺ ജേക്കബ് ജനറൽ കൺവീനറായും ഉള്ള വിപുലമായ കമ്മറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

ജനുവരി 1-ന് തിരുവനന്തപുരം പാറശാലയിൽ നിന്നും, കാസർഗോഡ് നിന്നും ആരംഭിക്കുന്ന പ്രാർത്ഥനാ റാലികൾ 6-ന് തിരുവല്ലയിൽ എത്തിച്ചേരും. തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ക്രമീകരിച്ചിരിക്കുന്ന വിശാലമായ പന്തലിൽ 7 ന് വൈകിട്ട് 5 മണിയ്ക്ക് 'ഉണർവ്വ് 2024' ആരംഭിക്കും. രാവിലെ 5 മുതൽ 8 വരെ കാത്തിരിപ്പ് യോഗം, 8 മുതൽ 10 വരെ ബൈബിൾ ധ്യാനം, 10 മുതൽ 1 മണി വരെ പൊതുയോഗം. ഉച്ചകഴിഞ്ഞ് 2 മുതൽ തുടങ്ങുന്ന വിവിധ യോഗങ്ങളിൽ സഹോദരിമാർക്കും യുവജനങ്ങൾക്കും പ്രത്യേക മീറ്റിംഗുകളും നടക്കും. സുവിശേഷം നിമിത്തം പീഢനം അനുഭവിക്കുന്ന മണിപ്പൂർ ഉൾപ്പെടെ ഇതര സംസ്ഥാനങ്ങളിലെ ദൈവമക്കളുടെ അനുഭസാക്ഷ്യം ഉണ്ടായിരിക്കും. 5 മണി മുതൽ ലോകോത്തര ബാന്റുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംഗീത ശുശ്രൂഷ നടക്കും.

വിദേശങ്ങളിൽ നിന്നും എത്തുന്ന ഉണർവ്വ് പ്രസംഗകർ, രോഗശാന്തി ശുശ്രൂഷകർ, കൃപാവര പ്രാപ്തരായ രാജ്യാന്തര ശുശ്രൂഷകർ തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ ശുശ്രൂഷിക്കും. 13 ന് സ്നാനം ഉണ്ടായിരിക്കും. 14 ന് ഞായറാഴ്ച സഭായോഗത്തോടെ യോഗം അവസാനിക്കും.

# ഐപിസിയിലെ പ്രതിസന്ധി രൂക്ഷമാകുന്നു

**കുമ്പനാട്:** ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഐപിസിയിലെ പ്രതിസന്ധിക്ക് പരിഹാരമാകുന്നില്ല. ഔദ്യോഗിക പക്ഷവും എതിർ പക്ഷവും വർദ്ധിത വീര്യത്തോടെ പരസ്പരം പോരാട്ടങ്ങൾ നടത്തുന്നു. കഴിഞ്ഞ ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എതിർപക്ഷത്തിന്റെ നാമനിർദ്ദേശ പത്രിക യാതൊരു മാനദണ്ഡവുമില്ലാതെയാണ് തള്ളിക്കളഞ്ഞത് എന്ന് പാസ്റ്റർ വത്സൻ ഏബ്രഹാമിനെ എതിർക്കുന്നവർ ആരോപിച്ച് രംഗത്ത് എത്തിയിരുന്നു. അതോടെ ഇരുപക്ഷവും അടുക്കാനാവാത്ത വിധം അകന്നുകഴിഞ്ഞു. അട്ടിമറിയിലൂടെയും നിയമവിരുദ്ധമായും ഭരണം പിടിച്ചെടുത്ത റവ. വത്സൻ എബ്രഹാം വിഭാഗത്തിനെതിരെ നിയമ പോരാട്ടങ്ങളിലൂടെ എതിർപക്ഷം കരുക്കൾ നീക്കുന്നു. ഐപിസി ജനറൽ തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് ഒരു വർഷം ആയെങ്കിലും ഐപിസി ആസ്ഥാനത്ത് ജനറൽ കൗൺസിൽ മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ജനറൽ കൗൺസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ്, മുൻ ജനറൽ ട്രഷറർ ബ്രദർ സജി പോൾ, കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. എസ്. ജോസഫ്, ഹരിയാന

10


## സാക്ഷി



ഗാസയിൽ യുദ്ധം അവസാനിക്കുമ്പോൾ ആര് ജയിച്ചു ആര് തോറ്റു?

*ചുണ്ടങ്ങ കൊടുത്ത് വഴുതനങ്ങ വാങ്ങിയതു പോലെയായി സ്ഥിതി.*

# അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സിൽവർ ജൂബിലി കൺവൻഷൻ













**കോഴിക്കോട്:** 2024 ജനുവരി 4 മുതൽ 7 വരെ കോഴിക്കോട് സ്വപ്ന നഗരിയിൽ ഉള്ള കാലിക്കറ്റ് ട്രേഡ് സെന്ററിൽ വെച്ച് നടക്കുന്ന അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സിൽവർ ജൂബിലി ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

10000 പേർക്ക് ഇരിക്കാവുന്ന എയർ കണ്ടീഷൻഡ് ഓഡിറ്റോറിയം ആണ് കാലിക്കറ്റ് ട്രേഡ് സെന്റർ. 1000 കാറുകൾക്ക് പാർക്ക് ചെയ്യാവുന്ന സൗകര്യം കാലിക്കറ്റ് സെന്ററിന്റെ പ്രത്യേകയാണ്.

10000 പേരെ പൊതുസഭാ യോഗത്തിന് പ്രതീക്ഷിച്ചു കൊണ്ടാണ് സൗകര്യങ്ങൾ ഒരുക്കുന്നത്. 21 സെക്ഷനുകളിലും എക്സിക്യൂട്ടീവ് കമ്മറ്റി പ്രമോഷണൽ മീറ്റിങ്ങുകൾ നടത്തി.

ജീവകാരുണ്യ പ്രവർത്തനങ്ങൾ സിൽവർ ജൂബിലിയുടെ സവിശേഷതയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5 ഭവനരഹിതർക്ക് ഭവന നിർമ്മാണ സഹായം, 25 പെൺകുട്ടികൾക്ക് വിവാഹ സഹായം, 25 കിടപ്പു രോഗികൾക്ക് വൈദ്യ സഹായം, 25 വിധവമാർക്ക് സഹായം, നിർധനരായ 25 വിദ്യാർത്ഥികൾക്കു പഠന സഹായം എന്നിവയാണ്

15

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFICE: 09526602670
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എഡിറ്റോറിയൽ....

# കേരളം കടക്കെണിയിൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട കേരളീയം ധൂർത്താണോ എന്നാണ് ചോദ്യം. ആണെന്ന് ആണയിട്ട് പറയുന്നത് പ്രതിപക്ഷ കക്ഷികളാണ്. കടമെടുക്കാനുള്ള പരിധിയും കഴിഞ്ഞ് സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന സർക്കാർ 27 കോടി മുടക്കി ഒരാഴ്ചയിലധികം നീണ്ട കാലാസാംസ്കാരിക മാമാങ്കം സംഘടിപ്പിച്ചപ്പോൾ ധൂർത്തിനപ്പുറം സാധാരണക്കാരോടുള്ള വെല്ലുവിളിയാണെന്ന് കണക്കുകൾ നിരത്തിതന്നെയാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. എന്നാൽ കേരളീയം നാളേക്കുള്ള നിക്ഷേപമാണെന്ന നിലപാടിലാണ് സർക്കാർ. പെൻഷൻകാർക്കും ജീവനക്കാർക്കും മാത്രം 40,000 കോടിയുടെ കടമാണ് സർക്കാരിനുള്ളത് എന്നാണ് പ്രതിപക്ഷാരോപണം. ആറ് ഡി എ യും ശമ്പളക്കുടിശികയും നല്കാനുണ്ട്. മാസങ്ങളായി സാമൂഹിക ക്ഷേമ പെൻഷനും മുടങ്ങിക്കിടക്കുന്നു. സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള സർക്കാർ വിഹിതം ലഭിക്കാതെ അധ്യാപകർ അലയുമ്പോൾ, കോടികൾ മുടക്കിയുള്ള ഈ ധൂർത്ത് അനവസരത്തിലാണെന്നാണ് പ്രതിപക്ഷാക്ഷേപം. 'കഞ്ഞി എവിടെ എന്ന ചോദ്യത്തിന് കല കാണൂ' എന്നാണ് സർക്കാർ മറുപടി. കേരളത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്റ്റിന്റെ അഥവാ ജി എസ് ഡി പിയുടെ 37 ശതമാനത്തോളം കടം വാങ്ങിച്ചിരിക്കുകയാണ്. ജി എസ് ഡി പിയുടെ അമ്പത് ശതമാനത്തിലധികം കടം വാങ്ങിയ പഞ്ചാബും അതുപോലെ ധനക്കമ്മിയിൽ ആറു ശതമാനത്തിന് അടുത്തു നിൽക്കുന്ന രാജസ്ഥാനും റിസർവ് ബാങ്കിന്റെ കടുത്ത വിമർശനത്തിന് പാത്രമായിട്ട് ദിവസങ്ങളേ ആയിട്ടുള്ളു. റവന്യു വരുമാനത്തിന്റെ അറുപത് ശതമാനവും ശമ്പളം പെൻഷൻ എന്നിവയ്ക്ക് മാറ്റിവയ്ക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര സർക്കാരിന്റെ ജി എസ് ടി വിഹിതം, മദ്യം, ലോട്ടറി എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം, പെട്രോളിയം സെസ് ഇവയൊക്കെയാണ് കേരളത്തിന്റെ റവന്യു വരുമാനത്തിന്റെ സിംഹഭാഗവും. മറ്റ് റവന്യു വരുമാന മാർഗങ്ങൾ കണ്ടെത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല.

സർക്കാർ നല്കേണ്ട വിഹിതത്തിന്റെ രണ്ടാം ഗഡുവും മുടങ്ങിയതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക പരാധീനതയിലാണ്. ഇതുവഴി നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്ന ആശങ്കയുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന നവകേരള സദസ്സിന്റെ സംഘാടകച്ചെലവിനും ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും നിശ്ചിത തുക നല്കേണ്ടി വരുന്നു. ജനസമ്പർക്ക പരിപാടിയെ തള്ളിപ്പറഞ്ഞവർ തന്നെ ജനസദസ്സ് സംഘടിപ്പിക്കുമ്പോൾ അതിൽ ഭരണം ജനകീയമല്ലെന്ന ഏറ്റു പറച്ചിലുണ്ട്.

700 കോടിയോളം രൂപ സർക്കാർ കുടിശ്ശിക വരുത്തിയതിനാൽ സപ്ലൈകോയിൽ വിതരണക്കാർ സമരത്തിലാണ്. പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ 6500 കോടിയുടെ കടബാധ്യതയിലാണെന്നതും ഇതോടൊപ്പം ചേർത്തു വായിക്കണം. 2593 കോടി സർക്കാർ സ്പ്ലൈകോയ്ക്ക് നല്കാനുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ നിശ്ചലമായത് അങ്ങനെയാണ്. ഇതിനിടയിലാണ് വൈദ്യുതി നിരക്കിൽ വീടുകൾക്ക് യൂണിറ്റിന് 30 പൈസയുടെയും വ്യവസായങ്ങൾക്ക് 15 പൈസയുടെയും വർധനവ് കൂടി ഇടതുസർക്കാർ നടപ്പാക്കിയത്. ജനാധിപത്യത്തെ 'ഇരുട്ടി'ലാക്കിയവർ തന്നെ ജനങ്ങൾക്ക് ഇരുട്ടടി നല്കുന്നതിൽ അത്ഭുതം വേണ്ട.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വെള്ളപ്പൊക്കത്തിന്റെയും മഹാമാരിയുടെയും കാരണം കൊണ്ടാണെങ്കിൽ പോലും നികുതി വരുമാനം കുറയുകയാണ് ചെയ്തത്. കോവിഡ് വരുന്നതിന് മുമ്പുതന്നെ 1,06,000 കോടി റവന്യൂ വരുമാനം 97,000 കോടിയായി കുറഞ്ഞിരുന്നു. കേരളം കണ്ട ഏറ്റവും വലിയ റവന്യൂകമ്മി ഉള്ള ഒരു ബജറ്റാണ് മന്ത്രി ബാലഗോപാൽ അവതരിപ്പിച്ച 2022-23ലെ ബജറ്റ് എന്ന് പറയാതിരിക്കാൻ സാധ്യമല്ല. കാരണം, വരുമാനം ഈ കാലഘട്ടമാകുമ്പോഴേക്കും ഏതാണ്ട് ഒന്നര ലക്ഷം കോടിയായി ഉയരേണ്ടതായിരുന്നു. അത് ഉയർന്നില്ലെന്ന് മാത്രമല്ല റവന്യു ചിലവുകൾ കുറയ്ക്കാനുള്ള ഒരു നടപടിയും സർക്കാരിൻ ഭാഗത്ത് നിന്നുണ്ടായുമില്ല. ശമ്പളം കൊടുക്കാനും ധൂർത്തടിക്കാനും മാത്രം കടമെടുക്കുന്ന സർക്കാരാണ് നമുക്കുള്ളത്. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി എന്ന് നിരന്തരം വായ്ത്താരി മുഴക്കുന്നതല്ലാതെ കഴിഞ്ഞ ആറ് വർഷത്തെ കണക്ക് നോക്കുകയാണെങ്കിൽ 100 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള പത്ത് നിക്ഷേപങ്ങൾ പോലും തികച്ച് കേരളത്തിൽ വന്നിട്ടില്ലെന്നോർക്കണം. രാഷ്ട്രീയ പാർട്ടിക്ക് വേണ്ടി സിന്ദാബാദ് വിളിക്കാൻ നടക്കുന്ന കുറെ ചെറുപ്പക്കാർ അല്ലാതെ ആരും കേരളത്തിൽ ഇപ്പോൾ നിൽക്കുന്നു പോലുമില്ല. കേരളം വഴുതി വീഴുന്നത് വലിയ കടക്കെണിയിലേക്കും സാമ്പത്തിക മാന്ദ്യത്തിലേക്കുമാണ്.

## ലേഖനം

# കടന്നുപോകുവോളം കൂടി ചേരില്ല....



പാസ്റ്റർ ഷൈജു ഡാനിയേൽ അടൂർ



മുറിയാതെ ഒഴുകിയതിനെ മുറിക്കുക മാത്രമല്ല, നീ കടന്നു അരുളപ്പാടുകളെ സ്വീകരിക്കും വരെയും മുറിഞ്ഞതിനെ കൂടിചേരാതെ നിലയ്ക്കു നിർത്തുക കൂടി മുറിച്ചവൻ ചെയ്യും.

സുദീർഘമായ കൊല്ലങ്ങൾ മരുഭൂമിയിലൂടെ സഞ്ചരിച്ച് ഒടുവിൽ വാഗ്ദത്ത ഭൂമിയിൽ കാലൂന്നി പ്രവേശിക്കുവാൻ ആവലോടെ ആയിരിക്കുമ്പോൾ ഒടുവിലെ ഏറ്റവും വലിയ പ്രതിസന്ധി അവർക്കുമുന്നിലൂടെ കരകവിഞ്ഞൊഴുകുകയാണ്. പുറപ്പാടിന്റെ തുടക്കത്തിൽ ചെങ്കടൽ ആയിരുന്നു തടസ്സമായി നിന്നിരുന്നതെങ്കിൽ കനാനിലേക്കുള്ള പ്രവേശനത്തിൽ തടസ്സമായി നിൽക്കുന്നത് കരകവിഞ്ഞൊഴുകുന്ന മരണ യോർദ്ദാൻ ആണ്. ആദ്യത്തെ പ്രതിസന്ധിയായ ചെങ്കടലിനെ മുറിക്കുവാൻ കരയിൽ നിന്നും കയ്യിലെ വടി നീട്ടി കൽപ്പിച്ചാൽ മതിയായിരുന്നു എങ്കിൽ ഒടുവിലത്തെ പ്രതിസന്ധിയെ മുറിക്കുവാൻ കരയിൽ നിന്നും കൽപ്പിച്ചാൽ ആകില്ല, കരകവിഞ്ഞൊഴുകുന്ന മരണ യോർദ്ധാനിലെ വെള്ളത്തിലേക്ക് കാൽവയ്ക്കേണ്ടതുണ്ട്.

ദൈവം കാലങ്ങൾക്ക് അപ്പുറം അബ്രഹാമിനോട് പറഞ്ഞ അരുളപ്പാടിന്റെ നിവർത്തിക്കും ഇപ്പോൾ ആയിരിക്കുന്ന ഇടത്തിനും ഇടയിൽ ഒഴുകുന്ന മരണ യോർദ്ദാൻ ....പെരുവിരലിൽ ഊന്നി തല ഉയർത്തി നോക്കിയാൽ വാഗ്ദത്തം കാണുവാൻ കഴിയും എങ്കിലും അവ കൈവശമാക്കുവാൻ കഴിയാതെ തടസ്സമായി ഒഴുകുന്ന യോർദ്ദാൻ മുറിയാതെ അവയെ സ്വീകരിക്കുക സാധ്യമല്ല...

സർവ്വഭൂമിക്കും നാഥനായവന്റെ പെട്ടകം ചുമലിൽ എടുത്തുകൊണ്ടു മുറിയാതെ ഒഴുകി അരുളപ്പാടുകളെ തടയുന്ന ആ ജലപ്രവാഹത്തിന്റെ വക്കത്ത് പുരോഹിത പാദങ്ങൾ സ്പർശിച്ചതും, മേൽ വെള്ളത്തിന്റെ ഒഴുക്കു നിന്നു....അടുത്തുള്ള ആദം പട്ടണത്തിനരികെ ബഹുദൂരത്തോളം വെള്ളം ചിറപോലെ പൊങ്ങി... അരാബായിലെ കടലായ ഉപ്പുകടലിലേക്ക് ഒഴുകിയ വെള്ളം വാർന്നുപോയി.. പെട്ടകവാഹകരായ പുരോഹിതരുടെ പാദസ്പർശനം അടുത്തുള്ള പട്ടണങ്ങളെ ചലിപ്പിക്കും വിധം യോർദ്ദാനിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു.

പുരോഹിത പാദങ്ങൾക്ക് വിശേഷതയൊന്നുമില്ല... ലേവ്യാ ഗോത്രത്തിലെ പച്ചയായ മനുഷ്യരുടെ പാദങ്ങൾ മാത്രമാണവ... പക്ഷെ ആ പച്ചയായ മനുഷ്യരുടെ പാദങ്ങളെ മരണ യോർദ്ധാനെ മുറിക്കുവാൻ ഉപയോഗിച്ചത് അവരുടെ തോളിൽ അവർ ചുമക്കുന്ന പെട്ടകമാണ്. തോളിൽ നിന്നും പെട്ടകം എടുത്തു മാറ്റി കഴിഞ്ഞാൽ അവർ സാധാരണക്കാരാകും...പക്ഷെ തോളിൽ ഇരിക്കുന്ന പെട്ടകം അവരെ അസാധാരണ പ്രവർത്തികൾക്കായി അതിമാനുഷരാക്കി മാറ്റുകയാണ്.

ദൈവത്തിൽ നിന്നും കേട്ട അരുളപ്പാടുകളും ആലോചനകളും വാഗ്ദത്തങ്ങളും ഒരു കൈപ്പാട് അകലത്തിൽ നിൽക്കവേ, അവയെ കരഗതമാക്കുവാൻ കഴിയാത്തവിധം മുറിയാതെ നമ്മെ ഭയപ്പെടുത്തി ഒഴുകുന്ന ചിലതിനെ മുറിച്ചുകടക്കുവാൻ പെട്ടകവുമായി പ്രതിസന്ധിയുടെ വക്കിലേക്ക് ചവിട്ടുക....സംഭ്രമിപ്പിച്ചതിന്റെ ഒഴുക്ക് നിൽക്കും, ഇടമുറിയാതെ നിന്ന തടസ്സങ്ങൾ ചിറപോലെ നിൽക്കും, നീ കടന്നു തീർന്നു ദൈവീക അരുളപ്പാടുകളിൽ പ്രവേശിക്കുവോളം നിനക്കു മുൻപിൽ മുറിഞ്ഞത് കൂടിചേരാതെ ദൈവം നിലയ്ക്കു നിർത്തും. തോളിൽ പെട്ടകം ഉണ്ടെന്നു ഉറപ്പുവരുത്തി മുറിയാതെ നിൽക്കുന്നതിലേക്ക് തിരിയുക...അസാധാരണമായ ദൈവിക ഇടപെടലുകൾ സ്വന്തം കണ്ണുകളാൽ കാണും വിധം കാര്യങ്ങൾ മാറിമറിയും. സുദീർഘമായ ആണ്ടുകൾ നിന്നിൽ അകാരണമായ ഭയങ്ങൾ സൃഷ്ട്ടിച്ചു ദൈവീക ആലോചനകളെ സംശയിക്കും വിധം ആശങ്കപ്പെടുത്തിയത് വളരെ നിസ്സാരമായി പിളർന്നു മാറും. തോളിലെ പെട്ടകവുമായി തടസ്സങ്ങളിലേക്കു തിരിയുക....ഭയപ്പെടുത്തി ഒഴുകിയത് ചലനമറ്റുനിൽക്കുന്ന കാഴ്ച നമ്മെ അമ്പരപ്പിക്കും...

അവസാനത്തെ ആളും അക്കരെ കടക്കുന്നതുവരെ മുറിഞ്ഞ യോർദ്ദാൻ കൂടിച്ചേരുവാൻ ദൈവം അനുവദിച്ചില്ല. (യോശുവ 3:17), നമുക്കായി ആഴിയുടെ ആഴങ്ങളിൽ വഴികൾ തുറക്കുന്ന ദൈവം, കേവലം തുറന്ന വഴികൾ കാണിച്ചു നമ്മെ സന്തോഷിപ്പിക്കുക മാത്രമല്ല, അവയിലൂടെ നാം അരുളപ്പാടുകളെ പ്രാപിക്കുന്നതുവരെ മുറിഞ്ഞത് കൂടിചെരാതെ നിലക്ക് നിർത്തുക തന്നെ ചെയ്യും...

# വേദപഠനം



പാസ്റ്റർ പി.ജി. ഏബ്രഹാം



# എഫെസ്യലേഖനം – ഒരു പഠനം
## അദ്ധ്യായം3 തുടർച്ച

ഭാഗം – 35

**വാ. 4. കർത്താവിനെക്കുറിച്ചുള്ള മർമ്മം**

ക്രിസ്തുവെന്ന വെളിപ്പാട് പൗലോസിന് അപ്രാപ്യമായിരുന്നു. എന്നാൽ കർത്താവ് തന്നെ അതു വെളിപ്പെടുത്തിക്കൊടുത്തു. ദൈവം മനുഷ്യവർഗ്ഗത്തിനായി ഒരുക്കിയിരുന്ന രക്ഷയുടെ പദ്ധതി ക്രിസ്തുവിലൂടെയാണെന്ന സത്യം താൻ തിരിച്ചറിഞ്ഞു. അതാണ് ക്രിസ്തുവെന്ന മർമ്മമെന്ന് രേഖപ്പെടുത്തുന്നത്.

യഹൂദാ ന്യായപ്രമാണത്തെ ഗമാലിയേലിന്റെ പാദപീഠത്തിലിരുന്നു പഠിച്ചിട്ടും വെളിപ്പെട്ടു കിട്ടാതിരുന്ന മർമ്മം ദൈവം തന്നെ പൗലോസിന് വെളിപ്പെടുത്തിക്കൊടുത്തതാണെന്നു സൂചിപ്പിക്കുന്നു. ഈ സത്യം എഫെസോസ് വിശ്വാസികൾ അറിഞ്ഞിരിക്കണമെന്ന് താൻ ആഗ്രഹിക്കുന്നു. ഈ ബോദ്ധ്യം മുമ്പ് സൂചിപ്പിട്ടുണ്ടല്ലോ (2: 11–22, കൊലോ. 1:9, 27; 2:2) ഇതു പൗലോസിന് ലഭിച്ച വെളിപ്പാടാണ്, പുതിയ ചിന്താധാര രൂപപ്പെടുത്തിയതല്ല.

വാ. 5. ഈ വാക്യം വ്യത്യസ്ത ചിന്താധാര രൂപപ്പെടുത്തുന്നവയാണ്. രണ്ട് വാദഗതികൾ ഇവിടെ ഉടലെടുക്കുന്നു. ഒന്ന്, ഈ മർമ്മം ദൈവം പഴയനിയമ കാലത്ത് പൂർണ്ണമായും മറച്ചിരുന്നു. ഇപ്പോഴാണ് പൂർണ്ണമായി വെളിപ്പെട്ടത്. രണ്ട്, പഴയനിയമ കാലത്ത് ഭാഗീകമായി വെളിപ്പെടുത്തിയിരുന്നു; പൂർണ്ണമായി വെളിപ്പെട്ടത് പുതിയ നിയമത്തിലാണ്.

ഈ രണ്ട് വാദഗതികളും പരിശോധിക്കാം. ഒന്നാമതായി, ക്രിസ്തുവെന്ന മർമ്മം പഴയനിയമകാലത്തു ഭാഗീകമായി വെളിപ്പെടുത്തിയിരുന്നു.

**ക്രിസ്തുവിനെപ്പറ്റിയുള്ള പഴയനിയമ വെളിപ്പാടുകൾ**

1. ക്രിസ്തുവിന്റെ ജനനസ്വഭാവം – സ്ത്രീയുടെ സന്തതി – ഉല്പ. 3:15; ഗലാ.4:4)
2. കന്യകാ ജനനം – യെശ. 7:14 (മത്താ. 1:28)
3. കുടുംബം – ദാവീദ് ഗൃഹം (മത്താ. 1:1)
4. ഗോത്രം – യഹൂദ ഗോത്രം (വെളി. 5:5) ഉല്പ. 49:8–11
5. ജന്മദേശം – ബേദ്ലഹേം മീഖാ. 5:2
6. ഭരണ സ്വഭാവം – യെശ. 9:6
7. കഷ്ടാനുഭവം – സങ്കീ. 22:1, യെശ. 52:13; 53:12
8. സിംഹാസനം – എന്നേക്കും സങ്കീ. 13:2; 11,12; 2 ശമു. 7:13,16; 1 ദിന. 17:14; യിരെ. 33:17; 2 ദിന. 7:18; സങ്കീ. 89: 29, 35,36
9. രാജത്വം – നിത്യമായത് സങ്കീ. 45:6; എബ്രാ. 1:8; ലൂക്കോ. 1:33

പഴയനിയമ പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും ഭാഗീകമായി വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവിനെ മനസിലാക്കാൻ കഴിഞ്ഞില്ല. അപ്പോഴും അവർ മശിഹയെ കാത്തിരിക്കയായിരുന്നു.

ഈ ഭാഗിക വെളിപ്പാടാണ് എബ്രായ ലേഖനത്തിൽ പൗലോസ് വിശദമാക്കുന്നത് (എബ്രാ 1:1). "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ട്.." ഭാഗം ഭാഗമായിട്ട് ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് നല്കിയിരുന്നെന്നാണ് പറയുന്നത്. അങ്ങനെയായാൽ ക്രിസ്തു (കർത്താവ്, മശിഹ)വിനെക്കുറിച്ച് ഒരു വെളിപ്പാടും ഇല്ലായിരുന്നെന്നു വാദിക്കാൻ സാധ്യമല്ല. പക്ഷേ, ഇതു ക്രിസ്തുവിനെക്കുറിച്ചുള്ളതാണെന്നു മനസിലാക്കാൻ കഴിയാതെ പോയി.

രണ്ടാമതായി, സഭയെന്ന മർമ്മം പഴയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. യിസ്രായേൽ മക്കളാണ് ദൈവജനമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. ന്യായപ്രമാണ ചട്ടമായ പരിച്ഛേദനയേറ്റ് യഹൂദനാകാനുള്ള നിയമം നിലവിലുണ്ടായിരുന്നു. അപ്പോൾ സഭയെക്കുറിച്ചുള്ള സൂചനകൾ പഴയനിയമത്തിലില്ലായിരുന്നു. അതു പൂർവ്വകാലത്ത് മനുഷ്യർക്ക് അറിവായി വന്നിരുന്നില്ല. തന്മൂലം ജാതികൾ ദൈവസന്നിധിയിൽ എത്തുമെന്നുള്ള മർമ്മം തിരുഹൃദയത്തിൽ മറഞ്ഞിരുന്ന മർമ്മമാണ്.

ഈ മർമ്മമാണ് കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ മരണത്താൽ വെളിപ്പെടുത്തപ്പെട്ടത്. തന്മൂലം, പൗലോസ് പറയുകയാണ് ഈ മർമ്മം പൂർവ്വകാര്യങ്ങളിൽ മനുഷ്യർക്ക് അറിവായി വന്നിരുന്നില്ല. എന്നാൽ 'ഇപ്പോൾ' മനുഷ്യർക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു; പ്രത്യേകാൽ, അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

ജാതികളും, യഹൂദന്മാരുമെല്ലാം സഹസ്രാബ്ദത്തിൽ ഒന്നിച്ചു വസിക്കുന്നതിനേക്കുറിച്ചാണ് ഇവിടെ പൗലോസ് അർത്ഥമാക്കുന്നതെന്നും, അല്ലാതെ സഭ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ യഹൂദനും, ജാതിയും ഒന്നായിരിക്കുന്നതിനെപ്പറ്റിയല്ലെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ ഈ പഠിപ്പിക്കൽ ശരിയല്ല. കാരണം, വാക്യം 6ൽ അതു വിശദീകരിച്ചിട്ടുണ്ട്.

വാക്യം 6. അതോ ജാതികൾ സുവിശേഷത്താൽ യേശുവിൽ കൂട്ടവകാശികളും, ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകണം എന്നുള്ളതു തന്നേ. ഈ വാക്യത്തിൽ ക്രിസ്തുയേശുവിലൂടെ ജാതികൾക്ക് നല്കിയിരിക്കുന്ന പദവികൾ വ്യക്തമാണ്. ഇതു സഹസ്രാബ്ദത്തിൽ നടക്കേണ്ടുന്ന കാര്യമല്ല. സുവിശേഷത്താൽ സാദ്ധ്യമായിക്കൊണ്ടിരിക്കുന്നതാണ്. ഇതാണ് പിതാവാം ദൈവം തിരുഹൃദത്തിൽ മറച്ചുവച്ചിരുന്ന മർമ്മം. ഇതു കർത്താവിന്റെ ക്രൂശുമരണത്തിലൂടെ വെളിപ്പെട്ടു.

(തുടരും...)




ലേഖനം

# സൈബർ കുറ്റങ്ങളും ശിക്ഷയും



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ



മാധ്യമാധിപത്യമുള്ളൊരു ലോകത്താണ് നാം ജീവിക്കുന്നത്. നമ്മുടെ അനുദിന ജീവിതചര്യകളെയും പെരുമാറ്റ രീതികളെയും മാധ്യമങ്ങൾ സ്വാധീനിച്ച് കൊണ്ടിരിക്കുന്നു, അവ നമ്മെ ഭരിക്കുന്നു. അതുപോലെയാണ് സാമൂഹിക മാധ്യമങ്ങളും, അവ ജീവിതത്തിന്റെ ദിശ നിർണയിക്കുന്ന കാലമാണിത്. കാഴ്ചയുടെയും കേൾവിയുടെയും, വികാര വിമലീകരണത്തിന്റെയും വർണാഭമായ പ്രായഭേദമന്യെ എല്ലാവരെയും പെട്ടെന്ന് കണ്ടെത്താൻ കഴിയുന്ന പൊതു ഇടമാണ് സാമൂഹിക മാധ്യമങ്ങൾ. വിവരവിനിമയത്തിന്റെ പുത്തൻ സാധ്യതകൾ തുറന്നിട്ട് ഒരു വിജ്ഞാനവും അവഗണിക്കേണ്ടതല്ലെന്ന വലിയ സന്ദേശം നല്കി അറിവുകളുടെ മേളനത്താൽ പഴഞ്ചൻ ധാരണകളുടെ വേര് പറിക്കുകയാണ് സാമൂഹിക മാധ്യമങ്ങൾ. അതുപോലെ തന്നെ ഉത്തരാധുനിക സമൂഹത്തിലെ വിനിമയ സംസ്കാരത്തിന്റെ അടയാളമായ സാമൂഹിക മാധ്യമങ്ങളെ വൈയക്തികവും സാമൂഹികവുമായ നിന്ദയ്ക്കും ദ്രോഹത്തിനും ഉപകരണമാക്കുന്ന സമ്പ്രദായം ഒരു വ്യാധിപോലെ പടർന്നു കൊണ്ടിരിക്കുകയുമാണ് സമൂഹത്തിൽ. ഏറ്റവും കൂടുതൽ ആളുകൾ സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുന്ന രാജ്യമാണ് ഇന്ത്യ. അതിന്റെ അർത്ഥം സാമൂഹിക ജീവിതത്തിൽ അവ സൃഷ്ടിക്കുന്ന സുരക്ഷാഭീഷണി ഏറ്റവും കൂടുതൽ അനുഭവിക്കുന്നവരാണ് നമ്മൾ എന്നുമാണ്. അതിന്റെ പ്രത്യക്ഷമായ ഉദാഹരണം കേരളീയ സമൂഹത്തിൽ നാം കണ്ടതാണ്. ജനാധിപത്യത്തിന്റെ പുതിയ സൂക്ഷിപ്പുകാരനെന്ന വിശേഷണം സാമൂഹിക മാധ്യമങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് നേടിയെടുത്തു. വാട്സാപ്പിലും ഫെയ്സ്ബുക്കിലും പ്രചരിക്കുന്ന അസത്യ സന്ദേശങ്ങളിൽ പ്രകോപിതരായി നിരപരാധികളെയാണ് ആൾക്കൂട്ടം തല്ലിക്കൊന്നു. അധിക്ഷേപകരമായ അസത്യപ്രചാരണത്തിൽ മനംനൊന്ത് ജീവനൊടുക്കിയവരുടെ എണ്ണം അതിലേറെ വരും. ജീവൻ നഷ്ടപ്പെട്ടില്ലെങ്കിലും ഇതേ കാരണം കൊണ്ടു തന്നെ പൊതുജീവിതത്തിൽനിന്ന് ഒളിച്ചു താമസിക്കേണ്ടിവന്നവരും ഒട്ടേറെ. ഒരു കൂട്ടം കുബുദ്ധികൾ ചിന്തിച്ചാൽ സമൂഹത്തെ എളുപ്പത്തിൽ കൈയിലെടുക്കാമെന്ന നിലയിലേക്കെത്തിച്ചത് അവയുടെ സാങ്കേതികമായ സവിശേഷതകളും നമ്മുടെ സമീപനവുമാണ്. വൈകാരികതയാണ് സമൂഹമാധ്യമത്തിന്റെ സ്വന്തം വാക്കായ വൈറൽ എന്ന സവിശേഷതയുടെ അടിസ്ഥാനം. അത്തരമൊരു വിഷയത്തിൽ രണ്ടാമതൊന്നു ചിന്തിക്കുന്നതിനുമുമ്പ് തീരുമാനമെടുക്കലും സന്ദേശം മറ്റുള്ളവർക്കു കൈമാറലും നടക്കും. ആ പ്രക്രിയ ആവർത്തിക്കും. ആൾക്കൂട്ട കൊലപാതകമായാലും വ്യക്തിഹത്യയായാലും പിന്നിൽ പ്രവർത്തിക്കുന്നത് സാമൂഹികമാധ്യമങ്ങളുടെ ഒരേ സവിശേഷതയാണ്.100 കോടി ഫോൺ കണക്ഷനുകളുള്ള ഇന്ത്യയിൽ 20 കോടി പേരാണ് വാട്സാപ്പ് സ്ഥിരമായി ഉപയോഗിക്കുന്നവർ. 27 കോടി പേരാണ് ഫെയ്സ്ബുക്ക് ഉപയോക്താക്കൾ. അതിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുള്ളവരുമുണ്ട്. സന്ദേശങ്ങൾ ശരിയാണോ എന്ന് മനസ്സിലാക്കാൻ സാമാന്യമായി വേണ്ട രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലമില്ലാത്തവരാണ് അതിൽ നല്ലൊരു പങ്കും. അതിനാൽ കാലാകാലങ്ങളായി മാധ്യമങ്ങൾക്കു ലഭിച്ച വിശ്വാസ്യത ഇതേ മാധ്യമത്തിനുമുണ്ട് എന്ന മിഥ്യാ ധാരണയാണ് പലരെയും അത്തരം സന്ദേശങ്ങൾ കണ്ണുമടച്ച് വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നത്. നവമാധ്യമങ്ങൾ നേടിയെടുത്ത ഈ വിശ്വാസ്യത നന്നായി മനസ്സിലാക്കിയവരാണ് അതേ മാധ്യമങ്ങളെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത്. വാസ്തവമല്ലെന്ന് പ്രഥമദൃഷ്ട്യാതന്നെ ബോധ്യമുള്ള കാര്യങ്ങൾ സവിശേഷമായ 'സോഷ്യൽ മീഡിയാ എൻജിനീയറിങ്ങ്'ലൂടെ പ്രചരിപ്പിച്ച് സമ്മർദം സൃഷ്ടിക്കുന്നതും രാഷ്ട്രീയ, സാമ്പത്തിക നേട്ടങ്ങൾ സമ്പാദിക്കുന്നതും സാധാരണമാണിന്ന്.

കമ്പ്യൂട്ടർ അല്ലെങ്കിൽ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധപ്പെട്ട കുറ്റകൃത്യമാണ് സൈബർ ക്രൈം. സ്മാർട്ട് ഫോൺ, ക്യാമറ, തുടങ്ങിയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുമായി ബന്ധപ്പെട്ട കുറ്റ കൃത്യങ്ങളും ഇതിന്റെ പരിധിയിൽപെടുത്താറുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ വ്യക്തിയുടെ സ്വകാര്യ അവകാശങ്ങളെ ഹനിക്കുന്ന കുറ്റ കൃത്യങ്ങളെ സൈബർട്രോട്സ് എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിന് പകരം ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമനടപടികൾ സ്വീകരിക്കുന്നത്. പ്രധാനമായും രണ്ടുവിധത്തിൽ സൈബർകുറ്റകൃത്യങ്ങളെ തരംതിരിക്കാം; കമ്പ്യൂട്ടർ ഒരു ലക്ഷ്യമായി കണ്ടുകൊണ്ടുള്ളതും കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ളതും. ഒരു കമ്പ്യൂട്ടറിലേക്കോ കമ്പ്യൂട്ടർ ശൃംഖലയിലേക്കോ വൈറസിനെ കടത്തിവിടുക, ഹാക്കിങ്ങ് നടത്തുക മുതലായവയെ ആണ് കമ്പ്യൂട്ടറിനെ ലക്ഷ്യമിട്ടുള്ള കുറ്റകൃത്യങ്ങൾ. ടെക്നോളജി ഉപയോഗിച്ച് വ്യാജമായി തെളിവുകൾ ഉണ്ടാക്കുന്നത്, ചൈൽഡ് പോൺ കാണുന്നതും, പ്രചരിപ്പിക്കുന്നതും, ദേശവിരുദ്ധമായ പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നത്, ഏതെങ്കിലും വ്യക്തിയെയോ, വ്യക്തികളെയോ, സമൂഹത്തെയോ, മതങ്ങളെയോ, സംബന്ധമായി വാസ്തവ വിരുദ്ധ വാർത്തകൾ, അടിസ്ഥാനമില്ലാത്ത കേട്ട് കേൾവികൾ തുടങ്ങിയവ പ്രചരിപ്പിക്കുന്നത്, തുടങ്ങിയവയൊക്കെ കമ്പ്യൂട്ടറിന്റെയോ, സ്മാർട്ട് ഫോണിന്റെ സഹായത്തോടെ നടത്തുന്ന കുറ്റകൃത്യങ്ങൾ രണ്ടാം ഗണത്തിൽപ്പെടുന്നു.

ഇപ്രകാരമുള്ള സാമൂഹികമാധ്യമങ്ങളുടെ ഭീഷണിചെറുക്കാൻ ഫലവത്തായ രണ്ട് മാർഗങ്ങളുണ്ട്. ഒന്ന്, സർക്കാർ കർശന നടപടിയുമായി മുന്നോട്ടുപോകുക. രണ്ട്, സമൂഹത്തിൽ കിംവദന്തി പരത്തുന്ന തരത്തിലുള്ള സാമൂഹികമാധ്യമങ്ങളുടെ സവിശേഷതകൾ കണ്ടെത്തി പരിഹരിക്കുക. ആളെക്കൂട്ടാൻ നിർമ്മിതബുദ്ധിയെ വിനിയോഗിക്കുന്ന സാമൂഹികമാധ്യമങ്ങൾക്ക് വാട്സാപ്പിലൂടെ പ്രചരിക്കുന്ന വ്യാജസന്ദേശങ്ങൾ കണ്ടെത്തി നശിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ് ഭരണകൂടം നേരിടുന്ന പ്രധാന ഭീഷണി. എൻഡ് ടു എൻഡ് എൻക്രിപ്ഷൻ വന്നതോടെ വാട്സാപ്പ് സെർവറിൽ പോലും സന്ദേശങ്ങൾ സൂക്ഷിക്കാത്തതാണ് അന്വേഷണ ഏജൻസികളെ കുഴക്കുന്നത്. ഫെയ്സ്ബുക്ക് കുറച്ചുകൂടി ഭേദമാണ്. സുരക്ഷാ ഏജൻസികൾ ആവശ്യപ്പെട്ടാൽ വ്യാജ സന്ദേശങ്ങൾ കണ്ടെത്താനും നശിപ്പിക്കാനും ഫെയ്സ്ബുക്കിൽ കഴിയും. എന്നാൽ, ഏതെങ്കിലും ഉപയോക്താവിന്റെ ഫോണിൽനിന്ന് വ്യാജ സന്ദേശങ്ങൾ വാട്സാപ്പിലൂടെ സഞ്ചരിച്ച് വീണ്ടും ഫെയ്സ്ബുക്കിലെത്തും. ഇതു തുടർന്നുകൊണ്ടിരിക്കുന്നതാണ് ഇത്തരം വ്യാജ സന്ദേശങ്ങൾ നശിപ്പിക്കാനാവാത്തതിന് പിന്നിലെ പ്രധാന കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

എന്നാൽ ഇപ്പോൾ അധിക്ഷേപങ്ങൾ ശക്തമായതിനെ തുടർന്ന് സർക്കാർ ശക്തമായ നടപടിയുമായി മുന്നോട്ട് പോകുകയാണ്. ഇന്ത്യ ഐടി ആക്ട് ആണ് രാജ്യത്തെ സൈബർ കുറ്റകൃത്യങ്ങളെ നിർണയിക്കുന്നത്, 2000ത്തിലാണ് ഇതുസംബന്ധിച്ച നിയമനിർമ്മാണം നടന്നത്. 2008ൽ ഡിസംബറിൽ ഈ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവന്നു. 2009 ഒക്ടോബർ 29ന് ഭേദഗതികളോടെ നിയമം നിലവിൽ വന്നു. ഐടി നിയമത്തിലെ 66 (എ) വകുപ്പനുസരിച്ച് സെൽഫോൺ, കംപ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾവഴി, കുറ്റകരമായതോ സ്പർധ ഉളവാക്കുന്നതോ ആയ വിവരങ്ങൾ, തെറ്റാണെന്നറിഞ്ഞിട്ടും ശത്രുതയോ, പരിക്കോ, വിദ്വേഷമോ, അനിഷ്ടമോ, അപകടമോ, മോശക്കാരനാക്കലോ, അസൗകര്യം ഉണ്ടാക്കലോ, ചെയ്യാൻ ഉദ്ദേശിച്ചുള്ള വിവരങ്ങൾ, തെറ്റിദ്ധാരണാജനകമായ ഇലക്ട്രോണിക് സന്ദേശങ്ങൾ എന്നിവയുടെ സൃഷ്ടി, കൈമാറ്റം, സ്വീകരിക്കൽ എന്നിവയെല്ലാം മൂന്നുവർഷംവരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമായി കണക്കാക്കുന്നു. 67ാം വകുപ്പുപ്രകാരം ദോഷൈകദൃക്കുകൾ പടച്ചുണ്ടാക്കുന്ന തരംതാണ വാർത്തയോ, ചിത്രമോ, ശബ്ദങ്ങളോ ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതും, മറ്റൊരാൾക്കു കൈമാറുന്നതും മൂന്നു വർഷംവരെ തടവും, അഞ്ചുലക്ഷം രൂപവരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. ഈ കുറ്റം ആവർത്തിക്കുന്നവർക്ക് അഞ്ചുവർഷംവരെ തടവും 10 ലക്ഷം രൂപവരെ പിഴയും ലഭിക്കാം. ഇമെയിൽ ഫോർവേർഡ് ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഈ ഭേദഗതി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഐടി ആക്ടിലെ 66-ാം സെക്ഷന്റെ വ്യാഖ്യാനത്തിലാണ് ഫോർവേർഡ് മെയിലുകൾ പെടുന്നത്. ഒരു വ്യക്തിക്ക് ഹാനികരമോ, അപമാനമുണ്ടാക്കുന്നോ, വെറുപ്പുളവാക്കുന്നതോ അപടകമുണ്ടക്കുന്നതോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും സ്വീകർത്താവിനെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ സന്ദേശങ്ങൾ അയക്കുന്നതും കുറ്റകരമാണെന്നാണ് പരാമർശിച്ചിരിക്കുന്നത്.ഒരു പ്രത്യേക കമ്പ്യൂട്ടർ കുറ്റകരമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചയാളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ആ കമ്പ്യൂട്ടറിന്റെ ഉടമസ്ഥനായിരിക്കും ഒന്നാം പ്രതിയാകുന്നത്. നേരത്തേ ഡിവൈഎസ്പിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥരാണ് സൈബർ ആക്ട് സംബന്ധിച്ച നടപടിയെടുത്തിരുന്നത്. എന്നാൽ ഭേദഗതിയനുസരിച്ച് സിഐയ്ക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥരാണ് നടപടിയെടുക്കേണ്ടത്. ഇവർക്ക് പൊതുസ്ഥലത്ത് പ്രവേശിക്കാനും തിരച്ചിൽ നടത്താനും വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാനും അധികാരമുണ്ട്.

# ഏ. ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൺഡേസ്കൂൾ വാർഷിക പരീക്ഷ

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൺഡേസ്കൂൾ വാർഷിക പരീക്ഷ നവം. 26 ഞായറാഴ്ച ഉച്ചക്ക് 3 മണി മുതൽ 5 വരെ നടക്കും. 8500 ൽ പരം കുട്ടികളാണ് പരീക്ഷ എഴുതുന്നത്.

എ.ജി യുടെ 3 മേഖലകളിലുള്ള 53 സെക്ഷനിൽ ചോദ്യപേപ്പർ വിതരണം ചെയ്തു കഴിഞ്ഞുവെന്നും വളരെ ഉത്തരവാദിത്വത്തോടെ ഡിസ്ട്രിക്ട് സൺഡേസ്കൂൾ കമ്മിറ്റി വാർഷിക പരീക്ഷയ്ക്ക് വിപുലമായ ഒരുക്കങ്ങളാണ് ചെയ്തിരിക്കുന്നത്.

ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഡയറക്ടർ സുനിൽ പി വർഗീസ് (മാവേലിക്കര), സെക്രട്ടറി ജോൺസൻ ടി. (തിരുവനന്തപുരം), ട്രഷറർ ബിജു ഡാനിയേൽ (എറണാകുളം) എന്നിവർ നേതൃത്വം നൽകും.

# രാജസ്ഥാൻ സ്കൂൾ ഓഫ് തിയോളജിയുടെ പ്രഥമ ബാച്ച് ഗ്രാജുവേഷൻ



**ഫത്തേപ്പൂർ:** രാജസ്ഥാൻ ഗോസ്പൽ മിനിസ്ട്രി രാജസ്ഥാൻ സ്കൂൾ ഓഫ് തിയോളജിയുടെ പ്രഥമ ബാച്ചിന്റ 2021-23 ഗ്രാജുവേഷൻ നവംബർ 21ന് ബഥേൽ ക്യാമ്പസ് ഫത്തേപൂരിൽ നടന്നു.

പഞ്ചാബ് ബൈബിൾ കോളേജ് ഡയറക്ടർ റവ.കെ. കോശി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു മുഖ്യ സന്ദേശം നൽകി. കർത്താവിന്റെ ദൗത്യം ഏറ്റെടുത്ത് ഊഷര ഭൂമിയായ രാജസ്ഥാനെ സുവിശേഷത്തിൽ ഉദ്യാനമാക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

രാജസ്ഥാൻ സ്കൂൾ ഓഫ് തിയോളജി ഡീൻ പാസ്റ്റർ ജോർജ് സി. ജോർജ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. പഞ്ചാബ് ബൈബിൾ കോളേജ് അഡ്മിനിസ്ട്രേറ്റർ ഇവാ. തോംസൺ കോശി, രാജസ്ഥാൻ ഗോസ്പൽ മിനിസ്ട്രിയുടെ രക്ഷാധികാരി പി.ടി. ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാകൽറ്റി ഇവാ. അഖിൽ ജോർജ്, ഇവാ.മോനു കുമാർ, മണി ജോർജ്, പാസ്റ്റർ ജസ്റ്റിൻ എം. ജോസഫ്, പാസ്റ്റർ ബൈജു എബ്രഹാം, പ്രിൻസിപ്പാൾ ജ്യോം ജോർജ് എന്നിവരെ കൂടാതെ നിരവധി സഭാ വിശ്വാസികളും പങ്കെടുത്ത മീറ്റിങ്ങിൽ കോളേജ് രജിസ്ട്രാർ സുബേദാർ സണ്ണി കെ ജോൺ അദ്ധ്യക്ഷനായിരുന്നു.

ലേഖനം

# വിശ്വാസവും പ്രത്യാശയും



പാസ്റ്റർ കെ. ജെ. മാത്യു



തിരുവചനത്തിലുടനീളം കാണുന്ന രണ്ട് പദങ്ങളാണ് വിശ്വാസവും പ്രത്യാശയും. നമ്മുടെ വിശ്വാസമാണ് പ്രത്യാശയെ ഉറപ്പിക്കുന്നത്. സത്യവേദപുസ്തകത്തിന്റെ കേന്ദ്ര ബിന്ദുവായ കർത്താവായ യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ളതാണ് നമ്മുടെ വിശ്വാസവും പ്രത്യാശയും. ക്രിസ്തുയേശുവിലുള്ള വിശ്വാസവും പ്രത്യാശയും ഈ ഭൂമിയിൽ മാത്രമുള്ളതല്ല, സ്വർഗ്ഗത്തിൽ, നിത്യതയിലും തുടരുന്നതാണ്. നാം വിശ്വാസത്തിൽ എത്രമാത്രം വളരുന്നുവോ, അതിനൊത്ത വിധത്തിൽ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായിത്തീരുവാൻ കഴിയും.

ഓരോ വിശ്വാസിയുടെയും വലിയ പ്രതീക്ഷ നമ്മുടെ കർത്താവിന്റെ രണ്ടാം വരവാണ്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പുതിയ നിയമത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതിലുപരിയായി ഓരോ വിശ്വാസിയും അറിഞ്ഞിരിക്കേണ്ടതും മനസ്സിലാക്കേണ്ടതുമായ ഒരു സത്യമാണിത്. സാർവ്വത്രിക സഭയുടെ വലിയ പ്രത്യാശ കൂടിയാണിത്. അപ്പൊസ്തലനായ പൌലൊസ് തീത്തോസിന് എഴുതുന്നത് നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തു കൊണ്ടിരിക്കണം. (തീത്തൊസ് 2: 11, 12) നാം എന്തിനു വേണ്ടി നോക്കി പാർക്കണം എന്ന് ദൈവവചനം പറയുന്നില്ലെങ്കിൽ അത് നമ്മെ സംബന്ധിച്ച് പ്രയാസമേറിയ ഒന്നായിരിക്കും.

നമ്മുടെ ഭാഗ്യകരമായ പ്രത്യാശ നിറവേറ്റുന്നത് കർത്താവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയിലാണ്. യേശുക്രിസ്തുവിന്റെ രക്തത്താലും വചനത്തോടു കൂടിയ ജലസ്നാനത്താലും വെടിപ്പാക്കി വിശുദ്ധീകരണം പ്രാപിച്ച നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ സ്നേഹമാകുന്ന പരിശുദ്ധാത്മാവിനെ പകർന്നിരിക്കുന്നു. നമ്മെ യേശുവിന് സദൃശ്യരാക്കിത്തീർക്കുന്ന പരിശുദ്ധാത്മ ശക്തിയാണിത്. ദൈവ സ്നേഹത്താൽ നിറഞ്ഞ് നാം സന്തോഷിക്കുമ്പോൾ നമുക്ക് നിയന്ത്രിക്കുവാൻ കഴിയുന്നതിലും അപ്പുറമായ ദൈവശക്തി നമ്മിൽ വ്യാപരിക്കുന്നു. ആ അത്യന്തശക്തി ജഡികവും പ്രാകൃതവും പൈശാചികവുമായ സകല ദുഷ്ട സ്വഭാവത്തെയും കീഴ്പ്പെടുത്തുവാൻ കഴിയുന്നതാണ്. വാഴ്ചകളെയും അധികാരങ്ങളെയും ഈ അന്ധകാരത്തിന്റെ ലോകാധിപതികളെയും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനകളെയും ജയിക്കുവാൻ പരിശുദ്ധാത്മ ശക്തി നമ്മെ സഹായിക്കുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ പാപമില്ലാത്ത തേജസ്സുള്ള ദിവ്യമായ ഒരു ശരീരം നല്കിയിരുന്നു. പാപത്താൽ പിശാചിന്റെ പ്രവർത്തിയാൽ ആ ശരീരം മനുഷ്യൻ നഷ്ടമാക്കിക്കളഞ്ഞു. ദൈവത്തിന്റെ ദയയാലും കരുണയാലും പുത്രനായ ക്രിസ്തു ക്രൂശിൽ തന്റെ ജീവനെ നമുക്ക് നല്കിയതിനാൽ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ പാപത്തിൽ നിന്ന് മോചനം വിശ്വാസത്താൽ നമുക്ക് ലഭിച്ചിരിക്കുന്നു. എന്നാൽ മനുഷ്യ ശരീരം മർത്യമാണ്. ദ്രവത്വമുള്ളതാണ്. അമർത്യതയും അദ്രവത്വവും നാം പ്രാപിക്കണം. എങ്കിൽ മാത്രമേ കർത്താവിന്റെ തേജസ്സേറിയ ശരീരത്തോട് അനുരൂപരാകുവാൻ നമുക്ക് കഴിയുകയുള്ളൂ. യേശുവിനെപ്പോലെ ആയിത്തീരുന്ന ആ ഭാഗ്യകരമായ അനുഭവം നാം പ്രാപിക്കണമെങ്കിൽ പരിശുദ്ധാത്മാഭിഷേകത്താലുള്ള സ്നേഹവും ദൈവശക്തിയും നമ്മിൽ നിരന്തരമായി വ്യാപരിച്ചുകൊണ്ടിരിക്കണം. എങ്കിൽ മാത്രമേ നമ്മുടെ താഴ്ചയുള്ള ശരീരം തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുകയുള്ളൂ.

നാം നിരന്തരമായി പരിശുദ്ധാത്മാവിന് വിധേയരായിത്തീരുമ്പോൾ നമ്മുടെ ശരീരത്തിലും ആത്മാവിലും പ്രാണനിലും വിശുദ്ധീകരണം ഉണ്ടായിക്കൊണ്ടിരിക്കും. നാം കർത്താവിന് അനുരൂപരായി അവന്റെ വരവിൻ നാളിൽ പരിശുദ്ധാത്മാഭിഷേകത്താൽ രൂപാന്തരപ്പെടണമെങ്കിൽ നമ്മുടെ ദേഹം, ദേഹി, ആത്മാവിനെ വിശുദ്ധീകരണത്തിൽ അനിന്ദ്യമായി സൂക്ഷിക്കണം. വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്നവർക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത അവകാശം കർത്താവ് നമുക്ക് നല്കും. ഏദനിൽ മനുഷ്യന് നഷ്ടപ്പെട്ടു പോയ അവകാശം, നമ്മുടെ ആത്മമണവാളനായ കർത്താവായ യേശുക്രിസ്തുവിന്റെ അതേ അവകാശം മണവാട്ടി സഭയായ നമുക്കും വേണ്ടി കർത്താവ് സൂക്ഷിച്ചിരിക്കുന്നു. (1 പത്രൊസ് 1:4) ആ അവകാശം നാം സ്വന്തമാക്കുവാൻ വിശ്വാസത്താൽ ദൈവശക്തിയിൽ നമ്മെത്തന്നേ കാത്തു സൂക്ഷിക്കണം.

PHILADELPHIA fellowship church

PHILADELPHIA FELLOWSHIP CHURCH
LONDON, CANADA

WE ARE A MISSIONS-ORIENTED CHURCH WITH PETECOSTAL DISTINCTIVENESS. OUR PRIMARY GOAL IS TO USE OUR GOD-GIVEN GIFTS AND TALENTS TO INSPIRE PEOPLE TO ENCOUNTER THE PRESENCE OF GOD.



SERVICES
SUNDAY - 9:30 AM (ENGLISH SERVICE) | SUNDAY - 11:30 AM (MALAYALAM SERVICE)
TUESDAY - 7:30 AM (INTERCESSORY PRAYER)
FRIDAY - 7:30 PM (MALAYALAM MEETING)
FRIDAY - 7:30 PM (ENGLISH BIBLE STUDY)

SUNDAY SCHOOL
WOMEN'S FELLOWSHIP
YOUTH MEETING



PASTOR
JOY PUNNOOSE

Newcomers to Canada
We are happy to provide information & resources to help you settle in!

20014 NISSSOURI RD, DUNDAS EAST, LONDON, ONTARIO, CANADA
+1 (226) 224-4500
joypunnoose@usa.net
philadelphiachurchlondon.com


Your Divine Destination Awaits You!
Get The Best Deals & Services With Us
Riya the travel expert!
Flights
Vacation Packages
Cruises
All Passport Services
All NRI Services
To know more, contact us 24X7:
+1877 669 7492 www.riya.travel
Riya Travel & Tours Inc : 739 Dekalb Industrial Way #2130, Decatur, Ga 30033, USA | +1 770 589 6266
ATLANTA | DALLAS | NEW JERSEY | PHILADELPHIA


Schedule of Service
SUNDAY WORSHIP
9:00 am to 11:00am
SUNDAY SCHOOL
8:30 am to 9:00am
SATURDAY
Bible study 7:30 pm
LAST SATURDAY
PYPA 7:30 pm to 9:00 pm
FASTING PRAYER
Friday 10:30 am to 12:00 pm
FIRST SATURDAY
Ladies meeting 10:30am to 12:00pm
THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
545 Rock Springs Road
Lawrenceville, GA 40043
Rev. Dr. Cherian C. Daniel
Come Worship With us
Pastor Dr. Cherian C Daniel
470-907-9051
ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ്

# നല്ല ശമര്യക്കാരന്റെ വഴിയിലെ സുവിശേഷകർ



## ക്രിസ്തുസ്നേഹത്തിന്റെ സന്ദേശവുമായി ഫിലിപ്പിയൻസിൽ

സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ആരംഭം കുറിക്കുന്നത് 2006ലാണ്. മലങ്കരയിലെ പെന്തെക്കോസ്ത് ചരിത്രത്തിൽ ഗണനീയ സ്ഥാനമുള്ള പൊടിമല കുടുംബത്തിൽ നിന്ന് പെന്തെക്കോസ്ത് അനുഭവത്തിലെത്തിയ പൊടിമല മത്തായിച്ചന്റെ പിൻതലമുറയിൽ നാലാം തലമുറക്കാരനാണ് പാസ്റ്റർ സന്തോഷ് പൊടിമല. ഐപിസി അട്ടപ്പാടി സെന്റർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ ബഞ്ചമിൻ തോമസിന്റെ മകൻ. 1987-ൽ സുവിശേഷവേലക്കായി സമർപ്പിച്ചു. ഡെറാഡൂണിൽ വേദപഠനം പൂർത്തിയാക്കിയനന്തരം ഉത്തരഭാരതത്തിൽ സുവിശേഷ വേല ചെയ്യുന്ന കാലത്ത് 1997-ലാണ് ഒക്കലഹോമ ഐപിഎ സഭയുടെ യൂത്ത് പാസ്റ്ററായി അമേരിക്കയിലെത്തുന്നത്. 8 വർഷങ്ങൾക്കുശേഷം ഡാളസിലെ ഫെയ്ത്ത് ടാബർനാക്കിൾ സഭയുടെ ശുശ്രൂഷകനായി.

2006-ൽ ഡാളസിലെ ബെയ്‌ലർ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ നിന്ന് ക്ലിനിക്കൽ പാസ്റ്ററൽ എജ്യൂക്കേഷനിൽ ബിരുദം നേടി. അതേ സ്ഥാപനത്തിൽ ഇപ്പോൾ ചാപ്ലയിൻ മാനേജർ പദവിയിൽ സേവനം ചെയ്യുന്നു. ഇവിടുത്തെ പഠനകാലത്താണ് ഡാളസിലെ തെരുവിൽ അലയുന്ന "ഹോംലസ്സ്" ആളുകൾക്കായുള്ള പ്രവർത്തനം ആരംഭിക്കുന്നത്. തന്റെ സഹപാഠിയും സ്നേഹിതനുമായിരുന്ന ഡോ. നെസ്റ്റർ ബുണ്ട എന്ന ഫിലിപ്പിയൻസുകാരൻ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി ഒപ്പം നിന്നു.

ഈ കാലയളവിലാണ് നെസ്റ്റർ ബുണ്ടയിൽ നിന്നും ഫിലിപ്പിയൻസിനെകുറിച്ച് കൂടുതൽ അറിയുന്നത്. ലഭിച്ച അറിവുകൾ ഏറെ ആത്മഭാരം ഉളവാക്കി. അത് ഒരു പ്രാർത്ഥനാ വിഷയമായി മനസിൽ പതിഞ്ഞു. പ്രാർത്ഥനയുടെ ഫലമായി ദൈവീക നിയോഗത്തോടെ 2011ലാണ് സേക്രഡ് ഹാന്റ്സ് ഫിലിപ്പിയൻസിലെ പ്രവർത്തനങ്ങളിലേക്ക് ചുവട് വെക്കുന്നത്. പ്രാരംഭമായി 5 കുട്ടികളുടെ പഠനം സേക്രഡ് ഹാന്റ്സ് ഏറ്റെടുത്തു. അവർ 5 പേരും ബിരുദാനന്തരബിരുദം നേടിയനന്തരം കുട്ടികളുടെ ഇടയിലെ ശുശ്രൂഷക്കായുള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. ഫിലിപ്പിയൻസിലെ വെസ്റ്റേൺ വിസായാസ് റീജിയണിലെ നെഗ്രോസ് ഓക്സിഡെന്റൽ പ്രൊവിൻസിൽ കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിക്കുകയാണ് ഇപ്പോൾ. കുട്ടികളിലൂടെ മുതിർന്നവരിലേക്കും സ്നേഹ സന്ദേശം എത്തിക്കുവാൻ കഴിയുന്നു.

നാലും അഞ്ചും മൈൽ ഒറ്റയടിപ്പാതയിലൂടെ സഞ്ചരിച്ചെത്താവുന്ന ഒറ്റപ്പെട്ട ഗ്രാമങ്ങൾ. കൃഷിയും മീൻപിടുത്തവും തൊഴിലായി സ്വീകരിച്ച ഗ്രാമീണർ. കരിമ്പാണ് പ്രധാന കൃഷി. ഒപ്പം നെല്ലും. എങ്കിലും ദാരിദ്ര്യ സാഹചര്യം ആണ് ഇത്തരം ഗ്രാമങ്ങളിൽ. പട്ടിണിപ്പാവങ്ങളായ ഇവരുടെ കുട്ടികൾ പലപ്പോഴും വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കുന്നതിന് സാമ്പത്തിക ഭദ്രതയില്ലത്തവരാണ്. ആവശ്യമായ ഭക്ഷണമോ നല്ല വസ്ത്രങ്ങളോ ചികിത്സാ സൗകര്യങ്ങളോ ഈ ഗ്രാമങ്ങളിൽ വേണ്ടത്ര ലഭ്യമല്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഇവരുടെ മക്കൾ സഭയുമായി ബന്ധമില്ലാതെ ജീവിക്കുന്നു. വിസായാ ഭാഷ സംസാരിക്കുന്ന ഇവരുടെ ഇടയിൽ നടപ്പിലാക്കുന്ന സാമൂഹ്യ സേവന പദ്ധതികളിലൂടെയും ബോധവൽക്കരണതിലൂടെയും മറ്റും ഇവരെ സമൂഹത്തിന്റെ മുമ്പിലെത്തുവാനുള്ള ശ്രമം വിജയകരമായി നടപ്പിലാക്കുന്നു. ഇവർക്കു നൽകുന്ന അടിസ്ഥാന വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം മുതലായവ നൽകുന്ന പദ്ധതി വിജയകരമായി മുന്നേറുന്നു. പ്രകൃതി ദുരന്തങ്ങൾ വലിയ വെല്ലുവിളിയാണ്. അനേക കുഞ്ഞുങ്ങൾ ക്രിസ്തുവിനെ അറിയുന്നതിനും ധാർമ്മിക ബോധത്തോടെ ക്രിസ്തു കേന്ദ്രീകൃത ജീവിതം നയിക്കുന്നതിനും ഈ പ്രവർത്തനത്തിലൂടെ സാധ്യമാകുന്നു. ആരാധനക്കായി സഭാഹാളുകൾ പണിയുക. സുവിശേഷകരെ സന്ധിക്കുക, ഭക്ഷണത്തിനായും വസ്ത്രത്തിനായും പണം കണ്ടെത്തുക ഇവയെല്ലാം ഭാരിച്ച ഉത്തരവാദിത്വവും വെല്ലുവിളിയുമാണ്. എന്നാൽ അവിടെ നിന്ന് ലഭിക്കുന്ന റിസൾട്ട് കാണുമ്പോൾ ദൈവീക നടത്തിപ്പുകളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് പാസ്റ്റർ സന്തോഷ് പൊടിമല. നൂറുകണക്കിന് കുഞ്ഞുങ്ങളെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിനും ക്രിസ്തുസഹിത ജീവിതം നയിക്കുന്നതിനു പ്രാപ്തരാക്കുവാനും ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. 16 വർഷത്തെ സേവന ശേഷം അമേരിക്കയിൽ നിന്നും ഫിലിപ്പിയൻസിലേക്ക് മടങ്ങിയ ഡോ. നെസ്റ്റർ ബുണ്ട ഇവിടെയുള്ള പ്രവർത്തങ്ങൾക്ക് വേണ്ട പിന്തുണയും നിർദ്ദേശങ്ങളും നൽകുന്നു.

ഫിലിപ്പിയൻസിൽ സേക്രഡ് ഹാൻഡ്സ് ഓഫ് ഹോപ്പിന്റെ പ്രാരംഭ പ്രവർത്തങ്ങളുടെ ഭാഗമായി ഏറ്റെടുത്ത 5 കുട്ടികൾ പിന്നീട് ഈ പ്രവർത്തനങ്ങൾക്ക് വിവിധ പ്രവിശ്യകളിൽ നേതൃത്വം നൽകുന്നു. വെസ്റ്റേൺ വിസായസ് റീജിയനിലെ നെഗ്രോസ് ഓക്സിഡന്റൽ പ്രോവിൻസിൽ സഹോദരി ജെൻസ് എസ്പിനോസയും തന്റെ ഭർത്താവ് റോഗ്ലിയോഡോ എസ്പിനോസ്സയും നടത്തുന്ന പ്രവർത്തനങ്ങൾ വലിയ മുന്നേറ്റം ഉണ്ടാക്കിയിരിക്കുന്നു. നൂറുകണക്കിന് ആളുകളെ വിശേഷിച്ച് കുഞ്ഞുങ്ങളെ രക്ഷയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. വലിയ ആവശ്യങ്ങൾ മുന്നിലുണ്ട്. വിശാലമായ വയൽ കൊയ്ത്തിനായി ഒരുങ്ങിയിരിക്കുന്നു


ഫിലിപ്പിയൻസിനായി ഒരുമിച്ച് പ്രാർത്ഥിക്കാം. ഒരുമിച്ചു കൈകോർക്കാം. ഈ നല്ല പ്രവർത്തിയിൽ അദ്ദേഹത്തിന്റെ കൈകളെ ബലപ്പെടുത്താൻ ചേർന്ന് നിൽക്കാം.

### ഡോ. നെസ്റ്റർ ബുണ്ട




ഫിലിപ്പിയൻസ് സ്വദേശിയാണ് ഡോ. നെസ്റ്റർ ബുണ്ട. അധോലോക ബന്ധങ്ങളുണ്ടായിരുന്ന സഹോദരങ്ങൾ. മോശമായ ജീവിത സാഹചര്യം. സാമ്പത്തികമായ പിന്നോക്കാവസ്ഥ. ചെറിയ പ്രായത്തിൽ പഴങ്ങളുംകൃഷി സാധനങ്ങളും മറ്റും ചന്തയിൽ വിറ്റ് ലഭിച്ച പണം കൊണ്ട് വിദ്യാഭ്യാസം നേടി. കത്തോലിക്കാ പുരോഹിതൻ ആകുവാൻ ആഗ്രഹിച്ചെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം പഠനം അസാദ്ധ്യമായി.


ഹൈസ്കൂൾ പഠനകാലത്ത് രക്ഷാ നിർണയം പ്രാപിച്ച നെസ്റ്റർ ബുണ്ട ഫിലാമെർ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയിൽ പഠനം നടത്തി. ബാച്ചിലർ ഡിഗ്രി നേടിയശേഷം സെൻട്രൽ ഫിലിപ്പൈൻ യൂണിവേഴ്സിറ്റിയിലെ കോളജ് ഓഫ് തിയോളജിയിൽ വേദപഠനം നടത്തി. ജർമ്മനിയിലെ യൂണിവേഴ്സിറ്റി ഓഫ് ഹാംബർഗ്ഗിൽ നിന്ന് വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. തുടർന്ന് നിരവധി കോളജുകളിൽ പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചു. അമേരിക്കയിലെ ഡാളസിൽ ബെയ്‌ലർ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ നിന്ന് ക്ലിനിക്കൽ പാസ്റ്ററൽ എജ്യൂക്കേഷൻ ബിരുദം നേടുകയും 16 വർഷങ്ങൾ അവിടെ സേവനം അനുഷ്ഠിക്കുകയും ചെയ്തു. 2020-ൽ ഫിലിപ്പിയൻസിൽ മടങ്ങിയെത്തി പ്രേഷിത ദൗത്യത്തിൽ വ്യാപൃതനായി. വേദശാസ്ത്രത്തിലും മറ്റുമായി ഈടുറ്റ അനവധി ആധികാരിക ഗ്രന്ഥങ്ങളുടെ രചയിതാവാണ്. വേദശാസ്ത്രകാരൻ, അധ്യാപകൻ, സാമൂഹിക പ്രവർത്തകൻ സുവിശേഷകൻ എന്നീ നിലകളിൽ ഏറെ പ്രശസ്തനാണ് ഡോ. നെസ്റ്റർ ബുണ്ട.




REV. SANTHOSH PODIMALA
POST BOX NO 429, ALLEN, TEXAS 75013, USA
sacredhandsofhope@gmail.com
www.sacredhandsofhope.org
www.facebook.com/sacredhandsofhope
Ph: 214-929-3370








# പാസ്റ്റർ തോമസ് കുര്യൻ മനസ്സ് തുറക്കുന്നു



**ഐപിസി സഭ ഭിന്നതയുടെയും സംഘർഷങ്ങളുടെയും നിയമപോരാട്ടങ്ങളുടെയും നടുവിലാണ്. ഔദ്യോഗിക പക്ഷത്തിന്റെ ലേബലിൽ പാസ്റ്റർ വത്സൻ ഏബ്രഹാം പക്ഷത്തിന്റെ സഭാ ചട്ടങ്ങൾക്ക് വിരുദ്ധമായ നിലപാടുകളെയും പ്രവർത്തനങ്ങളെയും വലിയൊരു വിഭാഗം നേതാക്കന്മാരും വിശ്വാസ സമൂഹവും അംഗീകരിക്കുന്നില്ല. ഏകാധിപത്യപരമായ പ്രവർത്തന ശൈലികൊണ്ട് ഒപ്പം നിൽക്കാത്തവരെ മുടക്കുകയും ജനറൽ കൗൺസിൽ അംഗത്വം റദ്ദാക്കുകയും ചെയ്തതിനെ ചോദ്യം ചെയ്യുകയാണ് പാസ്റ്റർ തോമസ് കുര്യൻ, യു.എസ്.എ. അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് നേതൃനിരയിൽ സജീവസാന്നിദ്ധ്യമായ പാസ്റ്റർ തോമസ് കുര്യൻ വേങ്ങൽ, തിരുവല്ലയിൽ നടക്കുവാൻ പോകുന്ന ഐക്യ കൺവൻഷന്റെയും പിന്നണിയിൽ സജീവമാണ്. ഐ.പി.സി. സഭയുമായി ബന്ധപ്പെട്ട നിലപാടുകൾ അദ്ദേഹം വ്യക്തമാക്കുന്നു. പാസ്റ്റർ തോമസ് കുര്യനുമായി ബിലീവേഴ്സ് ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിൽ നടത്തിയ അഭിമുഖം.**

തിരുവല്ല വേങ്ങൽ ചെറുകണ്ടംപറമ്പിൽ സുവിശേഷകൻ സി. സി. കുര്യൻ (പൊടിയച്ചൻ)- അച്ചാമ്മ ദമ്പതികളുടെ ഏഴ് മക്കളിൽ നാലാമനാണ് പാസ്റ്റർ തോമസ് കുര്യൻ. സാം ചാക്കോ, ജോസഫ് കുര്യൻ, ഈപ്പൻ കുര്യൻ, ജോർജ്ജ് കുര്യൻ, റിബേക്കാ ഫിന്നി ആലുംമൂട്ടിൽ, വർഗീസ് കുര്യൻ എന്നിവരാണ് സഹോദരങ്ങൾ. കഴിഞ്ഞ 27 വർഷമായി അമേരിക്കയിലെ വിവിധ പട്ടണങ്ങളിലായി താമസിച്ച പാസ്റ്റർ തോമസ് കുര്യൻ ഐപിസി സഭയുടെ പ്രവർത്തനങ്ങളിലും മറ്റ് പൊതു ആത്മീക രംഗങ്ങളിലും നേതൃനിരയിൽ സജീവമാണ്. ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നിന്ന് ബി. എ. ബിരുദം നേടിയ ഇദ്ദേഹം ഇടക്കാലത്ത് നാട്ടിൽ ഫാർമസിക്യൂട്ടിക്കൽ ബിസിനസ് രംഗത്ത് പ്രവർത്തിച്ചുവന്നു. പിന്നീട് സൗദിഅറേബ്യയിലും അബുദാബിയിലും ഔദ്യോഗികജീവിതം നയിച്ചു. തന്റെ ഒമ്പതാം വയസ്സിൽ പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് എത്തിയതാണ് വേങ്ങൽ ചെറുകണ്ടംപറമ്പിൽ കുടുംബം. സണ്ടേസ്കൂളിലും പിവൈപിഎയിലും സജീവമായിരുന്ന പാസ്റ്റർ തോമസ് കുര്യൻ വേങ്ങൽ സഭയുടെയും അബുദാബി ഐപിസി സഭയുടെയും സെക്രട്ടറി പദവികൾ വഹിച്ചിട്ടുണ്ട്.

1997–ൽ ഡാളസ് ടാബർനാക്കിൾ സഭയുടെ ഫൗണ്ടിംഗ് മെമ്പറായി. അഞ്ച് വർഷങ്ങൾക്ക് ശേഷം ന്യൂയോർക്കിലേക്ക് താമസം മാറിയ പാസ്റ്റർ തോമസ് കുര്യൻ പതിനെട്ട് വർഷങ്ങൾ ഐപിഎ സഭയുടെ അംഗമായിരുന്നു. സഭയുടെ സെക്രട്ടറിയായും ട്രഷററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഐപിസി ഫാമിലി കോൺഫറൻസ് നാഷണൽ സെക്രട്ടറി, കാനഡയിൽ നടന്ന പിസിഎൻഎകെ സമ്മേളനത്തിന്റെ സെക്രട്ടറി, അമേരിക്കയിലെ റൈറ്റേഴ്സ് ഫോറം പ്രസിഡന്റ്, സെക്രട്ടറി പദവികളിലും എത്തി നേതൃപാടവം തെളിയിച്ചു. നാഗലാന്റ് സ്റ്റേറ്റ് ഐപിസിയുടെ അമരക്കാരനായി കഴിഞ്ഞ ആറ് വർഷമായി പ്രവർത്തിച്ചുവരുന്ന പാസ്റ്റർ തോമസ് കുര്യൻ നാഗലാന്റിലെ ഐപിസി പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടു. കഴിഞ്ഞ പതിനഞ്ച് വർഷമായി പ്രവർത്തിച്ചുവരുന്ന ഗ്ലോബൽ ട്രംപറ്റ് മാസികയുടെ ചുമതലക്കാരനായ ഇദ്ദേഹം പാസ്റ്റർ എ. സി. ജോർജ്ജിന്റെയും പാസ്റ്റർ കെ. വി. കുര്യന്റെയും ജീവചരിത്രം രചിച്ചിട്ടുണ്ട്. സൂസൻ തോമസാണ് സഹധർമ്മിണി. മക്കൾ: കെവിൻ തോമസ്, സാൻ അന്റോണിയയിലെ വലിയ ഇംഗ്ലീഷ് സഭകളിലെ ഒന്നായ Outer west community Church സീനിയർ ശുശ്രൂഷകൻ പാസ്റ്റർ അലൻ തോമസ്, ഐറിൻ ചാക്കോ.

പെന്തെക്കോസ്ത് സമൂഹമായി കഴിഞ്ഞ അഞ്ചര പതിറ്റാണ്ടിലെ ബന്ധങ്ങളും അനുഭവങ്ങളും ഉള്ള വ്യക്തി. ഉറച്ച നിലപാടും അഭിപ്രായവും വ്യക്തമാക്കുന്നതിൽ പാസ്റ്റർ തോമസ് കുര്യൻ എന്നും മടിച്ചു നിന്നിട്ടില്ല. അതുകൊണ്ട് തന്നെ ശത്രുക്കളും തെറ്റിദ്ധാരണകളും വർദ്ധിക്കാറുണ്ട്. നേരിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുക, കാലം തെളിയിക്കാത്ത യാഥാർത്ഥ്യങ്ങളും സത്യവുമില്ല. ഐപിസി എന്ന വലിയ പ്രസ്ഥാനം കേടുകൂടാതെ നിലനിൽക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മാത്രമല്ല ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് പുതിയ തലമുറയെയാണ്. അതിനാൽ ഇത് ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ട വിഷയമാണ്. നിലപാടുകൾ വ്യക്തമാക്കുമ്പോൾ ചിലർക്കെങ്കിലും മുറിവേൽക്കുകയും നീരസം ഉണ്ടാകുകയും ചെയ്തേക്കാം. എന്നാൽ പൊതു നന്മയ്ക്കുവേണ്ടി ഉറച്ചുനിൽക്കുക. ബിലീവേഴ്സ് ജേണൽ ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിലിനോട് നടത്തിയ സംഭാഷണത്തിൽ അദ്ദേഹം മനസ്സ് തുറന്നു.

*ചോദ്യം: എന്തിനാണ് അമേരിക്കയിൽ ഒരു ആക്ഷൻ കൗൺസിൽ?*

കഴിഞ്ഞ കുറെ വർഷങ്ങളായി ഐപിസി ഭരണം ഹൈജാക്ക് ചെയ്യാനുള്ള ശ്രമത്തിലായിരുന്നു. എന്നാൽ ജനാധിപത്യസ്വഭാവം കൂടിയുള്ള ഐപിസിയുടെ ഭരണഘടനാ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പിൽ സഭയുടെ നന്മയെ ലാക്കാക്കുന്നവർ ഔദ്യോഗിക പദവിയിൽ എത്തിയിരുന്നു. എന്നാൽ മര്യാദയുടെ എല്ലാ സീമകളും ലംഘിച്ച് ഒരു തെരഞ്ഞെടുപ്പാണ് ഇത്തവണ നടന്നത്. നഗ്നമായ നിയമ ലംഘനത്തിലൂടെ എതിർ പക്ഷത്തുള്ളവരെ ഒന്നടങ്കം അയോഗ്യരാക്കി അതിന് കാരണമായി പറഞ്ഞ എല്ലാ കാര്യങ്ങളും ഇപ്പോൾ ജയിച്ചു എന്നു അവകാശപ്പെടുന്നവർക്കും ബാധകമാണ്. പ്രായപരിധി കഴിഞ്ഞു, അഫിലിയേറ്റഡ് സഭയുടെ ശുശ്രൂഷകനാണ്, തുടർച്ചയായി സഭാ ചുമതലയിൽ ഇല്ലായിരുന്നു ഇങ്ങനെയുള്ള കാരണങ്ങൾ പറഞ്ഞാണ് നാമനിർദ്ദേശ പത്രിക തള്ളിയത് എന്നാൽ ഇതേ കാരണങ്ങൾ ബാധകമായ ഇപ്പോഴത്തെ ഭരണക്കാരായവരുടെ നാമനിർദ്ദേശ പത്രിക തള്ളിയുമില്ല. ഇത് ഐപിസി സഭയിലെ ബഹുഭൂരിപക്ഷം ശുശ്രൂഷകരെയും വിശ്വാസികളെയും പ്രകോപിപ്പിച്ചു. നഗ്നമായ നിയമലംഘനത്തിലൂടെ അധികാരം കൈയാളിയവർ തുടർച്ചയായി ഭരണഘടനയെ നോക്കുകുത്തിയായി നിർത്തി. ഭരണഘടനാനുസൃതം ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരെയും വിശ്വാസി പ്രതിനിധികളെയും ഏകപക്ഷീയമായി പുറത്താക്കുക കൂടി ചെയ്തപ്പോൾ വിശ്വാസസമൂഹം പ്രതികരിക്കുവാൻ ആരംഭിച്ചു. അതിന്റെ ഫലമായി നിയമനടപടികളിലൂടെ നീതിക്കുവേണ്ടിയുള്ള ശ്രമം വ്യക്തിപരമായും കൂട്ടായും സഭാ വിശ്വാസികൾ ആരംഭിച്ചു.

2004–ലെ ഭരണഘടനയാണ് അംഗീകരിക്കപ്പെട്ട ഭരണഘടന. എന്നാൽ നിയമാനുസൃതം അല്ലാത്ത നിലയിൽ 2022–ൽ കുമ്പനാട് മണിയാറ്റ് ഓഡിറ്റോറിയത്തിൽ നടത്തിയ ജനറൽ ബോഡിയിൽ ചർച്ച ചെയ്യാതെയും അവതരിപ്പിക്കാതെയും ഇരുന്ന പല ഭരണഘടനാ ഭേദഗതികളും ഗൂഢമാർഗ്ഗത്തിലൂടെ എഴുതിച്ചേർത്തു രജിസ്ട്രേഷനായി ശ്രമിച്ചു. എന്നാൽ ഏലൂരിലെ രജിസ്ട്രാർ ഓഫീസിൽ ഇത് പാസ്സാക്കിയെടുക്കുവാൻ ശ്രമം നടന്നെങ്കിലും പരാതിയെത്തുടർന്ന് സാധ്യമായില്ല. അതിനുപിന്നാലെയാണ് തെരഞ്ഞെടുപ്പിൽ നോമിനേഷൻ തള്ളിയതും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഏകപക്ഷീയമായി പുറത്താക്കിയതും. മാത്രമല്ല ഐപിസിയുടെ സ്ഥാവരജംഗമവസ്തുക്കൾ അടക്കം സ്വത്തുക്കൾ തട്ടിയെടുത്ത് തന്റെ സംഘടനയുടെ കീഴിൽ ആക്കുവാൻ ഒരു കേന്ദ്രം നടത്തുന്ന ശ്രമങ്ങളും ഐപിസി സമൂഹത്തെ ആശങ്കയിലാഴ്ത്തി. ഇൻഡ്യയിലെ പ്രവർത്തനങ്ങളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന അമേരിക്കയിലെ ഐപിസി സമൂഹവും ആശങ്കയിലായി. തങ്ങളുടെ പണം മാത്രം മതി എന്നും ഭരണതലത്തിൽ ഇടപെടേണ്ട എന്ന ഹുങ്കും മൂലമാണ് ബഹുഭൂരിപക്ഷം വരുന്ന ഐപിസി സമൂഹം ഒരു പ്രതികരണ വേദി എന്ന നിലയിൽ ആക്ഷൻ കൗൺസിലിലൂടെ രംഗത്ത് വന്നത്.

*ചോദ്യം: അമേരിക്കയിലെ അഞ്ച് റീജിയനുകളും അതിൽ ഉൾപ്പെടുന്ന സഭകളും ഐപിസി ജനറൽ കൗൺസിലിന്റെ അധികാര പരിധിയിലാണോ?*

നിയമാനുസൃതം അല്ലായെന്നു പറയാം. എന്നാൽ തത്വത്തിൽ ഐപിസി എന്ന പ്രസ്ഥാനത്തിന്റെ കുടക്കീഴിലാണ് എല്ലാ സഭകളും. എന്നാൽ അമേരിക്കയിലെ മാത്രമല്ല വിദേശത്തുള്ള എല്ലാ സഭകളും അതാത് രാജ്യത്തെ നിയമവും വ്യവസ്ഥിതിയും അനുസരിച്ച് സ്വതന്ത്രമായി രജിസ്റ്റർ ചെയ്തതും സ്വന്തമായി ഭരണഘടന ഉള്ളതുമായ സഭകളുമാണ്. അതുകൊണ്ടുതന്നെ എല്ലാ സഭകളും സ്വതന്ത്രമാണെന്നും പറയാം. അമേരിക്കയിലുള്ള സഭകളിൽ അംഗങ്ങളായിരിക്കുന്നവർ ഐപിസിക്കാർ മാത്രമല്ല എല്ലാ സഭകളിൽ നിന്നും ഉള്ളവർ ഇവിടെ അംഗത്വം എടുക്കാറുണ്ടല്ലോ. ഇവിടെയുള്ള സഭകളെയും വിശ്വാസികളെയും പണം പിരിക്കുവാനുള്ള ഉപകരണമായി മാത്രം കാണുകയും സഭയുടെ ഭരണതലത്തിൽ നിന്ന് അകറ്റി നിർത്തുകയുമാണ് യഥാർത്ഥമായി നടക്കുന്നത്. ചില വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും ഭരണം കേന്ദ്രീകരിക്കുന്നു. ഭരണഘടനയും വേദപുസ്തക പ്രമാണങ്ങളും പാലിക്കപ്പെടുന്നില്ല. സഭയുടെ സ്വത്തുക്കൾ സംരക്ഷിക്കപ്പെടുന്നില്ല. ഏകപക്ഷീയമായ ഭരണത്തിലൂടെ അധികാരം ദുർവിനിയോഗം ചെയ്യുന്നു. ഇല്ലാത്ത അധികാരം പ്രയോഗിച്ച് സ്റ്റേറ്റ് കൗൺസിലുകളെ വരുതിയിലാക്കി കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നു. കേരളാ സ്റ്റേറ്റ് കൗൺസിലിനെതിരെ നടത്തുന്ന നീക്കങ്ങൾ ഉദാഹരണമാണ്. സ്റ്റേറ്റ് കൗൺസിൽ യോഗം നടത്തുവാൻ പോലും ഹെബ്രോൻപുരത്ത് അനുവാദം നൽകാതെ എല്ലാം പിടിച്ചടക്കുന്നു. ധാർഷ്ട്യവും ഗുണ്ടായിസവും കൊണ്ട് ഭരണം നടത്താനുള്ള അഭിനവ ആത്മീയരുടെ ശ്രമങ്ങൾ സമൂഹം തിരിച്ചറിഞ്ഞുകഴിഞ്ഞു. കുമ്പനാട്ട് നടന്നതും നടക്കുന്നതും. അമേരിക്കയിലെ അഞ്ച് റീജിയനുകളും സഭകളും അംഗീകരിക്കുന്നില്ല. ഒപ്പം ഇപ്പോൾ ഭരണത്തിലെത്തിയവരെയും അംഗീകരിക്കുന്നില്ല. ഇതാണ് യാഥാർത്ഥ്യം.

*ചോദ്യം: തിരുവല്ലയിൽ നടക്കുന്ന ഐക്യ കൺവൻഷൻ കുമ്പനാട് നടക്കുവാൻ പോകുന്ന ശതാബ്ദി കൺവൻഷൻ പരാജയപ്പെടുത്തുവാൻ വേണ്ടി ഉള്ള ബദൽ കൺവൻഷനാണെന്ന് ആരോപണം ഉയരുന്നല്ലോ?*

തിരുവല്ലയിൽ നടക്കുന്നത് ഒരു നൂറ്റാണ്ട് പിന്നിട്ട പെന്തെക്കോസ്തിന്റെ ഐക്യ കൺവൻഷനാണ്. ഐപിസിയിലെ പ്രിയപ്പെട്ടവർ പലരും അതിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്നു എന്നുമാത്രം. ഇത് എല്ലാ പെന്തെക്കോസ്ത് സഭകളുടെയും ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാരും ശുശ്രൂഷകരും വിശ്വാസികളും ചേർന്ന് നടത്തുന്ന കൺവൻഷനാണ്. വളരെ വർഷങ്ങൾക്ക് ശേഷമാണ് ഇങ്ങനെയൊരു ഐക്യ സംരംഭം. അതുകൊണ്ട് ആരോപണങ്ങൾ ഉയർത്തിയവർ ഉദ്ദേശിക്കുന്നത് മറ്റൊന്നാണ്. ഈ ഐക്യകൺവൻഷനെ തകർക്കുവാനാണ് ഇപ്പോൾ നിയമാനുസൃതം അല്ലാതെ ഭരണം കൈയാളുന്ന കുമ്പനാട്ടെ ഭരണക്കാർ ശ്രമിക്കുന്നത്. സഭകൾക്കും പ്രസ്ഥാനങ്ങൾക്കും കത്തെഴുതിയത് എല്ലാവരും കണ്ടതാണല്ലോ.

ഒരു പ്രസ്ഥാനത്തെയും അതിൽ അംഗങ്ങളായവരെയും വളരെ തന്ത്രപൂർവ്വം വഞ്ചിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. ഇൻഡ്യയിലെ നിയമവ്യവസ്ഥകൾക്കനുസൃതം ന്യായമായ ഒരു വിധി ഇക്കാര്യത്തിൽ ഉണ്ടാകും. ഞാൻ ഒരു ശുഭാപ്തി വിശ്വാസക്കാരനാണ്. എല്ലാം നന്നായി പര്യവസാനിക്കും.


COMMERCIAL & RESIDENTIAL
Real Estate - Texas
STRIDE
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas



പാസ്റ്റർ കെ. എം. ഫിലിപ്പ്
(സ്ഥാപക ഡയറക്ടർ)

# ജൂബിലി നിറവിൽ മുംബൈ സീൽ ആശ്രമം

ജീവകാരുണ്യ രംഗത്ത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ പരക്കെ അംഗീകാരം നേടിയ സീൽ ആശ്രമം ജൂബിലി നിറവിലേക്ക്. സീൽ ആശ്രമത്തിന്റെ 24-ാമത് വാർഷികവും സ്ഥാപക ദിനാചരണവും 2023 നവംബർ 12-ന് വൈകുന്നേരം 6.00 മണിക്ക് മുംബൈ പൻവേൽ വാങ്കണി ഗ്രാമത്തിൽ ഉള്ള സീൽ ആശ്രമ കാമ്പസിൽ നടന്നു.



ന്യൂനപക്ഷ കമ്മിഷൻ മുൻ വൈസ് ചെയർമാൻ ഡോ. എബ്രഹാം മത്തായി മുഖ്യാതിഥിയും സി. എൽ. ആന്റോയും ശ്രീ. വി. ദിവാകരനും അതിഥികളായി എത്തി. നൂറുകണക്കിന് ആളുകളും ചടങ്ങിനെത്തി. വാർഷിക മീറ്റിംഗിൽ സീൽ ആശ്രമത്തിലെ അന്തേവാസികളായ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

മുഖ്യാതിഥിയും മറ്റ് അതിഥികളും തങ്ങളുടെ സാക്ഷ്യ അനുഭവങ്ങൾ ചടങ്ങിൽ പങ്കുവെച്ചു.

1999-ൽ സ്ഥാപിതമായ സോഷ്യൽ ആൻഡ് ഇവാഞ്ചലിക്കൽ അസോസിയേഷൻ ഫോർ ലവ് (സീൽ) പ്രതിഫലേച്ഛ കൂടാതെ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ജീവകാരുണ്യ സ്ഥാപനമാണ്. മുംബൈയിലെ റെയിൽവേ പ്ലാറ്റ്ഫോമുകളിൽ നിന്നും തെരുവുകളിൽ നിന്നും നിരാലംബരും ആരോരുമില്ലാത്തവരും ഭവനങ്ങളിൽ നിന്ന് വിവിധ സാഹചര്യങ്ങളാൽ തെരുവിൽ എത്തപ്പെട്ടവരുമായ കുട്ടികളെ രക്ഷിക്കാനുള്ള ദൗത്യത്തിനായി സമർപ്പിച്ചിരിക്കുന്നു.



കഴിഞ്ഞ 24 വർഷങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ആയിരക്കണക്കിന് ജനങ്ങളിലേക്ക് സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും കരങ്ങൾ നീട്ടുവാൻ സീലിന് കഴിഞ്ഞു. വിവിധ കാരണങ്ങളാൽ തെരുവിൽ എത്തുകയും ഭിക്ഷക്കാരായും മാനസിക വിഭ്രാന്തിയുള്ളവരായും അലഞ്ഞുതിരിഞ്ഞിരുന്ന നൂറുകണക്കിന് ആളുകളെ കണ്ടെത്തി ശുശ്രൂഷിക്കുകയും ദീർഘകാലമായി കാത്തിരുന്ന അവരുടെ കുടുംബങ്ങളിലേക്ക് തിരികെയെത്തിക്കുകയും ചെയ്തു. ചില വ്യക്തികളെ തിരികെയെത്തിച്ചത് വിവിധ ചാനലുകളിലും പത്രങ്ങളിലും വലിയ പ്രാധാന്യത്തോടെ വാർത്തയായി മാറി.

നിലവിൽ 270 പേർ ഇവിടെ അന്തേവാസികളായി ഉണ്ട്. അവരിൽ മനോരോഗികൾ, എച്ച്ഐവി പോലെയുള്ള രോഗബാധിതർ, ജനിച്ച് ദിവസങ്ങൾ മാത്രമായ കുഞ്ഞുങ്ങൾ മുതൽ വാർദ്ധക്യത്തിൽ എത്തിയ കിടപ്പുരോഗികൾ വരെ ഉണ്ട്. തെരുവിൽ നിന്നും കണ്ടെടുക്കുന്നവരെ കൂടാതെ വിവിധ സംഘടനകളും വ്യക്തികളും പോലീസ് തുടങ്ങിയ വിഭാഗങ്ങളും എത്തിക്കുന്നവരും ഉണ്ട്.



മരണാസന്നരായി തെരുവിൽ ഉപേക്ഷക്കപ്പെട്ടവർക്ക് സാന്ത്വന പരിചരണം നൽകി സമാധാനത്തോടെ മരിക്കുവാനുള്ള അവസരവും സീലിന്റെ പ്രവർത്തനത്തിലൂടെ ലഭിക്കുന്നു. ഏറ്റവും മാന്യമായ നിലയിൽ അവരുടെ ശവസംസ്കാരവും നടത്തുന്നു. ദയയും കരുണയുമുള്ള കരങ്ങളാൽ അവരുടെ അന്തിമ നിമിഷത്തിൽ സീലിലെ സ്വയം സേവകർ ക്രിസ്തുസ്നേഹസഹിതരായി കൂടെ നിൽക്കുന്നു. തെരുവോരങ്ങളിൽ നിന്ന് ലഭിക്കുമ്പോൾ പുഴുവരിച്ചും അടുക്കുവാൻ അറയ്ക്കുന്ന നിലയിലുള്ള ദുർഗന്ധം പേറുന്നവരുമായ അതിഥികളെ ശുദ്ധീകരിച്ച് വസ്ത്രവും ഭക്ഷണവും നൽകി ചേർത്തു നിർത്തുന്നതിന് സന്നദ്ധപ്രവർത്തകരോടൊപ്പം സീൽ ആശ്രമ ഡയറക്ടർ പാസ്റ്റർ കെ. എം. ഫിലിപ്പ് കുടുംബവും അസോസിയേറ്റഡ് ഡയറക്ടർ പാസ്റ്റർ ബിജു ശമുവേലും എപ്പോഴും ഉണ്ടാകും.





സീൽ ആശ്രമത്തിന്റെ ആത്യന്തിക ലക്ഷ്യം കാണാതാകുന്ന ആളുകളെ അവരുടെ ദീർഘകാലമായി കാത്തിരിക്കുന്ന കുടുംബങ്ങളിലേക്ക് തിരികെയെത്തിക്കുക (രക്ഷാപ്രവർത്തനം & വീണ്ടും ഒന്നിക്കുക) എന്നതാണ്. ആളുകളെ വീണ്ടും ഒന്നിപ്പിക്കാൻ നിലവിൽ ഉപയോഗിക്കുന്ന പരമ്പരാഗത രീതികളേക്കാൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പുതിയ വഴികൾ കണ്ടെത്താൻ സീൽ കഠിനമായി പരിശ്രമിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആളുകളെ ഒന്നിപ്പിക്കാൻ ഇത് സഹായിക്കുന്നു.

ഇവിടെയുള്ള കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാനും ലോകത്തെ അഭിമുഖീകരിക്കാൻ അവരെ സജ്ജമാക്കാനും ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. അവർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും കോളേജുകളിലും വിദ്യാഭ്യാസം നേടുന്നു.

സീൽ അന്തേവാസികളായ പെൺകുട്ടികൾക്ക് അനുയോജ്യരായ വരന്മാരെ കണ്ടെത്തി വിവാഹം നടത്തുകയും അവർ സ്വതന്ത്രമായി ജീവിക്കുവാൻ ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു. ഇവിടെ വിവാഹിതരായ പെൺകുട്ടികൾ ഇൻഡ്യയുടെ വിവിധയിടങ്ങളിൽ കുടുംബസ്ഥരായി കഴിയുന്നു.

സീൽ ആശ്രമകത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ ഇൻഡ്യയുടെ വിവിധയിടങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നും ആളുകൾ സീൽ സന്ദർശിക്കുകയും താമസിച്ച് പ്രവർത്തനത്തിൽ പങ്കാളികളാകുകയും ചെയ്യാറുണ്ട്. ജൂബിലി നിറവിൽ പ്രവർത്തനം കൂടുതൽ വിശാലമാക്കുവാൻ ഒരുങ്ങുകയാണ് പാസ്റ്റർ കെ. എം. ഫിലിപ്പിന്റെ നേതൃത്വത്തിൽ സീൽ ആശ്രമം.

സ്ഥാപകൻ: പാസ്റ്റർ കെ എം ഫിലിപ്പ്
സീൽ ആശ്രമം, വംഗാനി, നേരേ,
ന്യൂ പൻവേൽ 410206
ഫോൺ. 8108688029, 9321253899
E-mail: admin@sealindia.org
Web Site: https://www.sealindia.org









01 ഐപിസിയിലെ പ്രതിസന്ധി രൂക്ഷമാകുന്നു...

സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ഉമ്മൻ, വിശ്വാസി പ്രതിനിധികളായ രാജൻ ആര്യപ്പള്ളിൽ, എൻ. സി. ബാബു, റ്റിജു തോമസ്, സുധി കല്ലുങ്കൽ, ജോൺ മാത്യു തുടങ്ങിയവരെ പാസ്റ്റർ വത്സൻ ഏബ്രഹാം പുറത്താക്കിയതോടെ പ്രശ്നം കൂടുതൽ രൂക്ഷമായി. മാത്രമല്ല പരാജയപ്പെട്ട ചിലരെ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തതും കാര്യങ്ങൾ കൂടുതൽ രൂക്ഷമാക്കി.

ഭരണഘടനയിൽ വരുത്തിയ മാറ്റങ്ങൾ നിയമാനുസൃതം അല്ലെന്ന വാദവുമായി എതിർപക്ഷം കോടതിയെ സമീപിച്ചെങ്കിലും ഏകപക്ഷീയമായ തീരുമാനങ്ങളിലൂടെ പാസ്റ്റർ വത്സൻ എബ്രഹാമും മുന്നോട്ട് പോകുകയാണ്. കേരളാ സ്റ്റേറ്റ് ഐപിസിയുടെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുന്ന നിലയിൽ പാസ്റ്റർ വത്സൻ ഏബ്രഹാമും കൂട്ടരും പ്രവർത്തിക്കുന്നു എന്നതാണ് എതിർപക്ഷത്തിന്റെ ആരോപണം. അതിന് തെളിവായി അവർ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങളും ഗൗരവ സ്വഭാവം ഉള്ളതാണ്. സ്റ്റേറ്റ് കൗൺസിൽ സമ്മേളനം നടത്തുവാൻ ഹെബ്രോൻപുരത്ത് അനുവാദം നൽകാത്തതും പി.ജി. കോഴ്സ് അവിടെ നടത്തുവാൻ അനുവദിക്കാത്തതും തെളിവായി അവർ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ചില സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ പുറത്താക്കുവാനുള്ള നിർദ്ദേശങ്ങളും അകൽച്ച വർദ്ധിപ്പിക്കുകയാണ്.

അതിനിടയിൽ ഇരുപക്ഷവും മത്സരിച്ച് നടത്തുവാൻ ഒരുങ്ങുന്ന കൺവൻഷനുകൾ പരക്കെ ചർച്ചയായി കഴിഞ്ഞു. ഐപിസി ശതാബ്ദി കൺവൻഷന്റെ ഒരുക്കങ്ങളുമായി ഡോ. വത്സൻ എബ്രഹാമും പക്ഷവും ഐക്യ കൺവൻഷന്റെ ലേബലിൽ പാസ്റ്റർ ജേക്കബ് ജോൺ പക്ഷവും രംഗത്ത് സജീവമായികഴിഞ്ഞു. കോടതി വിധി തങ്ങൾക്ക് അനുകൂലമാകും എന്നാണ് ഡോ. വത്സൻ ഏബ്രഹാമിന്റെ എതിർ പക്ഷം കരുതുന്നത്. നിയമപോരാട്ടങ്ങളിലൂടെയും മറ്റും പരസ്പരം പോരടിക്കുമ്പോൾ പരാജയപ്പെടുന്നത് സാധാരണ വിശ്വാസികളും ശുശ്രൂഷകരുമാണ് എന്നുള്ള കാര്യം ഇരുപക്ഷവും മറക്കാതിരിക്കുക.

## വയനാട് സെന്റർ കൺവൻഷൻ

**വയനാട്:** ചർച്ച് ഓഫ് ഗോഡ് (ഫുൾഗോസ്പൽ) ഇൻ ഇന്ത്യ വയനാട് സെന്റർ കൺവൻഷൻ നവം.15 മുതൽ 18 വരെ കൊയ്ലേരി ചർച്ച് ഓഫ് ഗോഡ് ഗ്രൗണ്ടിൽ നടന്നു. സെന്റർ പാസ്റ്റർ സി.ഐ തോമസ് ഉത്ഘാടനം ചെയ്തു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസ്, പാസ്റ്റർമാരായ പി.സി. ചെറിയാൻ റാന്നി, കെ.ജെ തോമസ് കുമളി, പി.എസ് രാജൻ ചെങ്ങന്നൂർ എന്നിവർ പ്രസംഗിച്ചു. ക്രൈസ്റ്റ് സിംഗേഴ്സ് - ചെങ്ങന്നൂർ സംഗീതം ആലപിച്ചു. ശനിയാഴ്ച പകൽ സംയുക്ത ആരാധനയോടെ യോഗങ്ങൾ അവസാനിച്ചു.

# ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ ഗോൾഡൻ ജൂബിലി നിറവിൽ

## ബ്രദർ കെ.എ. തോമസും ബ്രദർ റ്റിജു തോമസും കൺവീനർമാർ



പെന്തക്കോസ്തു ലോകത്തെ അഭിമാനവും, നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭയുമായ ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ അമ്പതാം വാർഷികത്തിലേക്ക്.

1974 ഒക്ടോബറിൽ ചുരുക്കം ചില കുടുംബങ്ങളുമായി ആരംഭിച്ച ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ മലയാളി പെന്തക്കോസ്തു സമൂഹത്തിന്റെ കഴിഞ്ഞ 50 വർഷത്തെ ചരിത്രത്തോടൊപ്പം നിറഞ്ഞുനിന്ന സഭയാണ്. ലോകസുവിശേഷീകരണത്തിനും, സഭകൾ സ്ഥാപിക്കുന്നതിനും, പെന്തക്കോസ്തു സമൂഹത്തിന്റെ വളർച്ചയ്ക്കും, സാമൂഹികസേവനത്തിനും, ഐ.പി.സി സഭകളുടെ ആഗോള വിശാലതയ്ക്കും ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ സഭ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പദ്ധതികളാണ് സുവർണ്ണ ജൂബിലി വർഷത്തിൽ നടപ്പിലാക്കുന്നത്. അമ്പത് വർഷം നടത്തിയ ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് നന്ദി അർപ്പിക്കുക 'EMET' (വിശ്വസ്തത) എന്നതാണ് സുവർണ്ണ ജൂബിലിയുടെ ലക്ഷ്യം. ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്ക് 2023 ഡിസംബർ 9 ന് തുടക്കം കുറിക്കും. ഉത്ഘാടനസമ്മേളനത്തിന് ഗ്രാമി അവാർഡ് ജേതാവും, പ്രശസ്ത ക്രിസ്തീയസംഗീത ഗ്രൂപ്പായ മാവറിക് സിറ്റി മ്യൂസികിന്റെ ഗായിക മേരി ആൻ ജോർജ് മുഖ്യാതിഥിയായി സംഗീത ശുശ്രൂഷ നിർവ്വഹിക്കുന്നു.

ബ്രദർ കെ.എ. തോമസ് കൺവീനറായും, ബ്രദർ റ്റിജു തോമസ് ജോയിന്റ് കൺവീനറുമായി നേതൃത്വം കൊടുക്കുന്ന സുവർണ്ണ ജൂബിലിക്ക് പാസ്റ്റർ വിൽസൺ വർക്കി, ബ്രദേഴ്സ് ജോഷിൻ ഡാനിയേൽ, വിൽസൺ മാത്യു, ഈപ്പൻ വർക്കി, ജോർജ് തോമസ്, ചാക്കോ പി നൈനാൻ, എബി മാത്യു, ഡഡ്‌ലി ജേക്കബ്, ജെറിൻ തോമസ്, അനൂപ് ജോൺ, അജയ് മാത്യൂസ്, സിസ്റ്റേഴ്സ് മോളി മാത്യു, ജോയ്സ് ജോൺ എന്നിവർ കമ്മറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നു.

അമ്പത് വർഷത്തെ ഐ.പി.സി ഹെബ്രോൻ ഹ്യൂസ്റ്റൺ സഭയുടെ ചരിത്രത്തെ കോർത്തിണക്കി ഗോൾഡൻ ജൂബിലി സുവനീർ പ്രസിദ്ധീകരിക്കുന്നു. സുവനീർ കമ്മറ്റിയുടെ ചീഫ് എഡിറ്ററായി ബ്രദർ കെ.വി. വർഗീസ്, അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ ജോസഫ് കുര്യൻ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി പാസ്റ്റർ വിൽസൻ വർക്കി, ബ്രദേഴ്സ് ജോഷിൻ ഡാനിയേൽ, വിൽസൺ മാത്യു, കെ.എ. തോമസ്, റ്റിജു തോമസ്, ഡോ. മനു ചാക്കോ, വെസ്ലി ആലുംമൂട്ടിൽ, സ്റ്റീഫൻ സാമുവേൽ, ജോൺസ് ഏബ്രഹാം, ജോയി തുമ്പമൺ, സിസ്റ്റർ ജൂലിയ ജോർജ് എന്നിവർ ചുമതല വഹിക്കുന്നു.

സുവിശേഷീകരണത്തിനും, ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് നന്ദി അർപ്പിക്കുന്ന വ്യത്യസ്ത സമ്മേളനങ്ങളും, വിവിധ ചാരിറ്റി പ്രവർത്തനങ്ങളുമായി സുവർണ്ണ ജൂബിലി വർഷം ദൈവനാമമഹത്വത്തിനായി സമർപ്പിക്കുവാൻ ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ ഒരുങ്ങുന്നു.


MATRIMONIAL

മുഖ്യധാരാ പെന്തെക്കോസ്തു സഭയുടെ സഭാ ശുശ്രൂഷകൻ (49/ ഭാര്യ മരണപ്പെട്ടു, 2 പെൺകുട്ടികൾ) സുവിശേഷവേലയിൽ സമർപ്പണമുള്ള സഹോദരിമാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9567645878, 9447230359**


## ബഹ്റൈൻ ഏ.ജി കൺവൻഷൻ

**മനാമ:** ബഹ്റൈനിലെ ഏ.ജി ചർച്ചിന്റെ ആഭിമുഖ്യത്തിൽ നവം. 27 തിങ്കൾ മുതൽ 29 ബുധൻ വരെ മനാമ സെന്റ് ക്രിസ്റ്റഫർ ചർച്ച് എ.എം ഹാളിൽ എല്ലാ ദിവസവും വൈകിട്ട് 7.15 മുതൽ പൊതുയോഗങ്ങൾ നടക്കും. പാസ്റ്റർ അനിൽ കോടിത്തോട്ടം മുഖ്യ പ്രഭാഷണം നടത്തും. ബ്രദർ സാംസൺ ചെങ്ങന്നൂർ ഉൾപ്പെട്ട ഏ.ജി ചർച്ച് ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകും.

Website: www.beljourn.com

## ചുമതലയേറ്റു



**ബിലാസ്പൂർ:** ഐപിസി ഛത്തീസ്ഗഡ് സ്റ്റേറ്റിന്റെ പുതിയ പ്രസിഡന്റ് ആയി പാസ്റ്റർ ഡോ. കെ.പി മാത്യു ചുമതലയേറ്റു. നാൽപ്പതിൽപരം വർഷങ്ങൾ ക്രിസ്തീയ ശുശ്രൂഷയിൽ ആയിരിക്കുന്ന പാസ്റ്റർ കെ.പി മാത്യു, ദീർഘവർഷങ്ങൾ വിവിധ സെമിനാരികളിൽ അധ്യാപകനായും, ഇന്ത്യയിലും, കുവൈറ്റിലും, അമേരിക്കയിലുമായി വിവിധ സഭകളിൽ സീനിയർ പാസ്റ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ ഡാളസ് ഐപിസി ടാബർനാക്കിൾ സഭാ ശുശ്രൂഷകനാണ്. ആരോഗ്യകാരണങ്ങളാൽ സ്ഥാപക പ്രസിഡന്റ് പാസ്റ്റർ കുരുവിള എബ്രഹാം ചുമതല ഒഴിഞ്ഞ സാഹചര്യത്തിലാണ് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തത്.


AGM

അഗപ്പെ ഗോസ്പൽ മിഷൻ

29-ാമത് ജനറൽ കൺവൻഷനും സംഗീത വിരുന്നും

തിയ്യതി
2024 ജനുവരി 24 ബുധൻ മുതൽ 28 ഞായർ വരെ

സമയം
ദിവസവും വൈകീട്ട് 6 മുതൽ 9 വരെ

സ്ഥലം
അഗപ്പെ ഹിൽസ്, കോടതിപ്പടി, നിലമ്പൂർ

ഉദ്ഘാടനം : പാസ്റ്റർ പി.എം അലക്സാണ്ടർ


പ്രസംഗം :
Pr. Abey Abraham
Pr. Saju Chathannur
Pr. Aneesh Chengannur
Pr. Aneesh Elappara

സംഗീതം
എ.ജി.എം മ്യൂസിക്സ്, നിലമ്പൂർ

ഏവർക്കും സ്വാഗതം



# അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് പുത്തൻദർശനം നൽകുന്ന സമ്മേളനം




- ◊ 39–ാമത് നോർത്തമേരിക്കൻ കോൺഫറൻസിന് ഹ്യൂസ്റ്റൺ വേദിയാകുന്നു.
- ◊ 2024 ജൂലൈ 4 –7 വരെ ഹ്യൂസ്റ്റൺ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്റർ വേദിയാകും.
- ◊ പിസിഎൻഎകെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപങ്കാളിത്തം പ്രതീക്ഷിക്കുന്ന സമ്മേളനം.

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ച്, പ്രത്യേകാൽ യുവതലമുറയെക്കുറിച്ചും ഈ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടും നിലപാടും ഉള്ള വ്യക്തിയാണ് ബ്രദർ ബിജു തോമസ്, ഡാളസ്. വിവിധ കോൺഫറൻസുകളിൽ നിന്ന് ആർജ്ജിച്ച പരിചയസമ്പത്തുമായാണ് ബിജു തോമസ് 39–ാമത് ഹൂസ്റ്റൺ കോൺഫറൻസിന്റെ ട്രഷറർ എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. കഴിഞ്ഞ ചില വർഷങ്ങളായി അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ നേതൃനിരയിൽ പ്രധാന ചുമതലയിലേക്ക് യുവജനങ്ങൾ എത്തിച്ചേരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇക്കുറിയും പതിവ് തെറ്റിയിട്ടില്ല. സംഘാടകമികവ് കൊണ്ട് ഏറെ ശ്രദ്ധേയനാണ് ബ്രദർ ബിജു തോമസ്.

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസികൾ ഏറ്റവും കൂടുതലുള്ള ഡാളസ് പട്ടണത്തിലെ പ്രധാന സഭകളിൽ ഒന്നായ മെട്രോ ചർച്ച് ഓഫ് ഗോഡ് അംഗമാണ് ഇദ്ദേഹം. ഡാളസിലെ യുവജനങ്ങളുടെ സംയുക്ത വേദിയായ പി വൈ സി ഡിയുടെ പ്രസിഡന്റ് എന്ന നിലയിൽ കഴിവ് തെളിയിച്ച ബ്രദർ ബിജു തോമസ് 2016–ൽ ഡാളസിൽ നടന്ന പിസിനാക്ക് സമ്മേളനത്തിന്റെ ലോക്കൽ ട്രഷററായി പ്രവർത്തിച്ചു. 2017–ൽ ഹൂസ്റ്റണിൽ നടന്ന നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ നാഷണൽ സെക്രട്ടറി എന്ന നിലയിൽ നടത്തിയ സേവനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

വെണ്ണിക്കുളം മുളമൂട്ടിൽ തോമസ് ഉമ്മൻ–ഏലിയാമ്മ തോമസ് ദമ്പതികളുടെ മകനാണ് ബിജു തോമസ്. മധ്യപ്രദേശ് ഇലക്ട്രിസിറ്റി വകുപ്പ് ഉദ്യോഗസ്ഥനായിരുന്ന പിതാവ് മധ്യപ്രദേശിലെ സാർണി എന്ന സ്ഥലത്തായിരുന്നു ഔദ്യോഗിക ജീവിതം നയിച്ചിരുന്നത്. അവിടെ ജനിച്ചുവളർന്ന ഇദ്ദേഹം സ്കൂൾ വിദ്യാഭ്യാസം സാർണിയിൽ നടത്തി. അനന്തരം എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ഉപരിപഠനം നടത്തി. തുടർന്ന് 1994–ൽ മുംബൈയിൽ ഉദ്യോഗാർത്ഥം എത്തിച്ചേർന്നു. അറ്റ്ലാന്റായിലെ കാൽവറി ചർച്ച് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകനും ബിജു തോമസിന്റെ ജ്യേഷ്ഠ സഹോദരനുമായ പാസ്റ്റർ ഷിബു തോമസ് 1998–ൽ മധ്യപ്രദേശിലെ കാത്തേഗാവ് എന്ന സ്ഥലത്ത് ആരംഭിച്ച മിഷൻ സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവിടേക്ക് മാറി.

2000–ൽ മണർകാട് ചൂളപ്പറമ്പ് ഡാനിയേൽ–ഗ്രേസി ദമ്പതികളുടെ മകൾ ഷീജ ജീവിതസഖിയായി. തുടർന്ന് ഉദ്യോഗാർത്ഥം മസ്ക്കറ്റിൽ എത്തുകയും ചില വർഷങ്ങൾ അവിടെ പ്രവർത്തിക്കുകയും ചെയ്തു.

2006–ലാണ് കുടുംബമായി അമേരിക്കയിലെ ഡാളസിലേക്ക് എത്തുവാൻ ദൈവം അവസരം നൽകിയത്. ഡാളസിലെ പ്രമുഖ മലയാളി പെന്തെക്കോസ്ത് സഭയായ മെട്രോ ചർച്ച് ഓഫ് ഗോഡ് അംഗമായ ബിജു തോമസ് സഭയുടെ ലൈഫ് ഗ്രൂപ്പ് അംഗമാണ്. ആ നിലയിൽ ഇംഗ്ലീഷ് സ്പീക്കിംഗ് ഗ്രൂപ്പിന്റെ ലീഡറായി ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ബിസിനസ് രംഗത്തേക്ക് തന്റെ പ്രവർത്തന മേഖല വ്യാപിപ്പിച്ച ബ്രദർ ബിജു തോമസ് ഫാർമസി ബിസിനസിലൂടെ ബിസിനസ് മികവ് തെളിയിച്ചു. ഏയ്ഞ്ചൽ വാലി എന്ന ഹെൽത്ത് കെയർ ബിസിനസ്സിന്റെ സാരഥി കൂടിയാണ്. ഡാളസിലെ ആത്മീയ സംരംഭങ്ങളിൽ പങ്കാളിത്വം വഹിക്കുന്നതിൽ ഉത്സുകനായ ബിജു തോമസ് വിവിധ കോൺഫറൻസുകളിൽ നേതൃനിരയിൽ എത്തിയതോടെ അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിൽ കൂടുതൽ കാഴ്ചപ്പാടോടെ പ്രവർത്തിക്കുവാൻ തൽപ്പരനാണ്. 2024–ൽ ടെക്സാസ് സ്റ്റേറ്റിലെ ഹൂസ്റ്റണിൽ നടക്കുവാൻ പോകുന്ന കോൺഫറൻസിനെക്കുറിച്ചുള്ള ശുഭ പ്രതീക്ഷയും പദ്ധതികളും ഇദ്ദേഹം പങ്കുവയ്ക്കുകയാണ്.



റവ. ഫിന്നി ആലുംമൂട്ടിൽ
നാഷണൽ കൺവീനർ



രാജു പൊന്നോലിൽ
നാഷണൽ സെക്രട്ടറി



റോബിൻ രാജു
നാഷണൽ യൂത്ത് കോർഡിനേറ്റർ



ആൻസി സന്തോഷ്
നാഷണൽ ലേഡീസ് കോർഡിനേറ്റർ

2024–ലെ ഹൂസ്റ്റൺ കോൺഫറൻസ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ചരിത്രത്തിൽ ഏറ്റവും വലിയ പ്രതീക്ഷ പുലർത്തുന്ന സമ്മേളനമാണ്. 2023–ലെ ഫിലെദൽഫിയ കോൺഫറൻസിൽ ഔദ്യോഗിക ഭാരവാഹികളുടെ പ്രഖ്യാപനം ഉണ്ടായത് മുതൽ തന്നെ വ്യാപകമായ പിന്തുണയാണ് എല്ലാ മേഖലയിൽ നിന്നും ലഭിക്കുന്നത് എന്നും ബ്രദർ ബിജു തോമസ് പറയുന്നു. ഇത്രയധികം പ്രതീക്ഷ പൊതു സമൂഹത്തിൽ നിന്നും ഉണ്ടാകുമ്പോൾ സംഘാടക സമിതികൾക്ക് ദേശീയ തലത്തിലും പ്രാദേശിക തലത്തിലും വലിയ ഉത്തരവാദിത്വം ഉണ്ട്. ഓരോ കോൺഫറൻസും വിജയകരമാകണമെങ്കിൽ പ്രധാനമായും ആത്മീയ ശുശ്രൂഷകൾ ഏറ്റവും മെച്ചമായി മാറണം. അതോടൊപ്പം തന്നെ പങ്കെടുക്കുന്നവർക്കുവേണ്ടി ക്രമീകരിക്കപ്പെടുന്ന സൗകര്യങ്ങളും കുറ്റമറ്റതായി മാറണം. അതുകൊണ്ടു ട്രഷറർ എന്ന നിലയിൽ പങ്കെടുക്കുന്നവർക്കു വേണ്ടിയുള്ള ക്രമീകരണങ്ങളിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ട ചുമതലയുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ ക്രമീകരിക്കുമ്പോൾ തന്നെ അമിതമായ ചിലവുകൾ ഒഴിവാക്കിയും സുതാര്യമായ സാമ്പത്തിക ഇടപാടുകൾ വഴി ചിലവ് ചുരുക്കുന്നതിൽ ഏറെ ശ്രദ്ധിക്കണം. ഭാരിച്ച ഒരു ചിലവാണ് സമ്മേളനത്തിനുണ്ടാകുന്നത്. ദൈവമക്കളുടെയും ദൈവദാസന്മാരുടെയും സഭകളുടെയും നിർലോഭമായ സഹകരണത്താൽ ഈ കോൺഫറൻസും വിജയകരമായി പൂർത്തീകരിപ്പാൻ കഴിയും എന്നത് നിസ്തർക്കമാണ്.

2024 പി സി എൻ എ കെ സംഘാടക സമിതിയിൽ സമാന മനസ്കരും ഒരേ ചിന്താഗതിക്കാരും ആണെന്നത് പ്രത്യേകം എടുത്തു പറയാവുന്ന വസ്തുതയാണ്. പരസ്പരധാരണയും പരസ്പരബഹുമാനവും ഉള്ളവരോടൊപ്പം പ്രവർത്തിക്കുവാൻ കഴിയുമ്പോൾ യാതൊരു മാനസിക സംഘർഷവും അനുഭവപ്പെടുന്നില്ല. കോൺഫറൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി ബ്രദർ രാജൂ പൊന്നോലിൽ, നാഷണൽ യൂത്ത് കോർഡിനേറ്റർ റോബിൻ രാജു, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആൻസി സന്തോഷ് എന്നിവരുടെ നേതൃത്വത്തിലുള്ള ദേശിയ സമിതിയും ബ്രദർ ബിജു തോമസ്, റവ. സണ്ണി താഴാംപള്ളം ഇവരുടെ നേതൃത്വത്തിലുള്ള പ്രാദേശിക സംഘാടകസമിതിയും ദൈവനാമ മഹത്വത്തിനായും സമ്മേളനവിജയത്തിനായും അക്ഷീണ പരിശ്രമത്തിലാണ്. ഹൂസ്റ്റണിലെ സഭകളും ദൈവദാസന്മാരും ദൈവജനവും നൽകുന്ന പിന്തുണ എടുത്തു പറയേണ്ടതാണ്. അതുകൊണ്ടു തന്നെ പ്രാദേശിക സമിതിയുടെ ഭാഗമാകാൻ ഓരോ പ്രിയപ്പെട്ടവരും ഉത്സാഹത്തോടെ മുമ്പോട്ട് വന്നതും ഈ സമ്മേളനത്തെ ഹൂസ്റ്റണിലെ ദൈവമക്കൾ എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ തെളിവാണ്. വ്യക്തിപരമായ താല്പര്യങ്ങൾ ഒന്നുമില്ലാതെ ദൈവനാമമഹത്വത്തിനായി ഒന്നുചേരുകയാണ് എല്ലാവരും.

കാലഘട്ടത്തിനനുസൃതമായ പുതിയ ടെക്നോളജി കൂടി ഈ സമ്മേളനത്തിനായി പ്രയോജനപ്പെടുത്തുവാൻ ആ നിലകളിൽ വിദഗ്ധരായവരുടെ സഹായവും ലഭ്യമാക്കി സമ്മേളനം കുറ്റമറ്റതാക്കുവാനുള്ള ശ്രമത്തിലാണ്. സമ്മേളനത്തിനായി ഒരുക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ പങ്കെടുക്കുന്നവർക്ക് ഏറെ ഉപകാരപ്പെടും. പങ്കെടുക്കുന്നവർക്ക് മറക്കുവാൻ കഴിയാത്ത ആത്മീയ അനുഭവങ്ങൾ ലഭ്യമാകുന്നതോടൊപ്പം മികച്ച താമസ സൗകര്യം, നല്ല ഭക്ഷണം, മറ്റ് അനുബന്ധ ക്രമീകരണങ്ങൾ എല്ലാം ഒരുക്കുകയെന്നത് വലിയ ഉത്തരവാദിത്വമാണ്. തികഞ്ഞ സാമ്പത്തിക അച്ചടക്കവും സാമ്പത്തിക കാര്യങ്ങളിൽ മിതത്വവും സുതാര്യതയും കാത്തുസൂക്ഷിക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്നും ബ്രദർ ബിജു തോമസ് പറയുന്നു.

പതിനായിരം പേരെ പ്രതീക്ഷിക്കുന്ന സമ്മേളനത്തിനുവേണ്ടി അതിനനുസൃതമായ ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. ഹൂസ്റ്റണിലെ പ്രസിദ്ധമായ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്ററാണ് കോൺഫറൻസ് വേദി. താമസസൗകര്യങ്ങൾ ഒരുക്കിയിരിക്കുന്ന ഹിൽട്ടൺ അമേരിക്കാസ് ഹോട്ടലിൽ നിന്നും സമ്മേളന വേദിയിലേക്ക് നേരിട്ടു എത്തുവാൻ കഴിയും എന്ന പ്രത്യേകതയുമുണ്ട്. ഡാളസ്, ഒക്കലഹോമ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും റോഡ് മാർഗ്ഗം എത്തിച്ചേരുവാൻ കഴിയും എന്നതും ജനപങ്കാളിത്വം വർദ്ധിപ്പിക്കും. എല്ലാറ്റിലുപരി ദൈവീക കരുണയും കൃപയുമാണ് ആവശ്യമായിരിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാവരുടെയും പ്രാർത്ഥന സമ്മേളനത്തിനായി അഭ്യർത്ഥിക്കുന്നു.

• • • •



ബ്രദർ ബിജു തോമസ്, സഹധർമ്മിണി ഷീജ.
മക്കൾ: ജാമിൻ തോമസ്, ജോനാഥാൻ തോമസ്

# പി. സി. എൻ. എ. കെ രജിസ്ട്രേഷൻ കിക്കോഫും സംഗീത ശുശ്രൂഷയും ന്യൂയോർക്കിൽ

•നിബു വെള്ളവന്താനം

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫും സംഗീത ശുശ്രൂഷയും ഡിസംബർ 10 ഞായറാഴ്ച വൈകിട്ട് 5.30 ന് ന്യൂയോർക്ക് ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി സഭാ ഹാളിൽ (100 Periwinkle Rd, Levittown, NY 11756) നടത്തപ്പെടും. അനുഗ്രഹീത ഗായകൻ സുവിശേഷകൻ കെ. ബി ഇമ്മാനുവൽ ആത്മീയ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 39മത് കോൺഫ്രൻസിന്റെ ദേശീയ പ്രതിനിധികളായ പാസ്റ്റർ എബ്രഹാം ഈപ്പൻ, ജോൺസൺ ജോർജ്, സാബി കോശി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ, നാഷണൽ ട്രഷറർ ബിജു തോമസ്, നാഷണൽ യൂത്ത് കോർഡിനേറ്റർ റോബിൻ രാജു, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആൻസി സന്തോഷ് തുടങ്ങിയവർ കോൺഫറൻസിനെകുറിച്ചുള്ള വിശദ വിവരങ്ങൾ യോഗത്തിൽ നൽകുന്നതായിരിക്കും. ന്യൂയോർക്കിലും പരിസര പ്രദേശങ്ങളിലുമുള്ള വിവിധ പെന്തക്കോസ്ത് സഭകളുടെ ശുശ്രൂഷകന്മാരും വിശ്വാസികളും യോഗത്തിൽ സംബദ്ധിക്കണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

അമേരിക്കയിൽ കുടിയേറിയ മലയാളി സമൂഹത്തിൽ ശക്തമായ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ ദേശീയ കോൺഫറൻസ് 2024 ജൂലൈ 4 മുതൽ 7 വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവെൻഷൻ സെൻട്രലിൽ വച്ചാണ് നടത്തപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: www.pcnakhouston.org

# ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ; ഇന്റർനെറ്റ് സേഫ്റ്റി ബോധവൽക്കരണ സെമിനാർ

നിബു വെള്ളവന്താനം

**ഒർലാന്റോ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ സൺഡേസ്കൂൾ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സേഫ്റ്റി എന്ന വിഷയത്തിൽ നിയമ പഠന ബോധവൽക്കരണ സെമിനാർ നവംബർ 11 ശനി രാവിലെ 10 മുതൽ 12 വരെ ഫ്ലോറിഡ ഐ.പി.സി യിൽ (4525 Clubhouse Road, Lakeland, FL 33812) നടന്നു.

വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന തരത്തിലുള്ള ക്ലാസ്സുകൾക്ക് പോക്ക് കൗണ്ടി ഷെരീഫ് ഗ്രേഡി ജൂഡ് നേതൃത്വം നൽകി. പാസ്റ്റർമാരായ കെ.സി ജോൺ, എ. സി ഉമ്മൻ, റോയി വാകത്താനം, നിബു വെള്ളവന്താനം, ഏബ്രഹാം തോമസ് എന്നിവർ റീജൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കൂടുതൽ വിവരങ്ങൾക്ക്: ബ്രദർ സാം ജോസഫ്, സൺഡേസ്കൂൾ അസോസിയേഷൻ ഡയറക്ടർ: 863 899 1919

# ഡോ. സന്തോഷ് ജോൺ ബൈബിൾ സൊസൈറ്റി കേരളാ എക്സിക്യൂട്ടീവ് അംഗം

**പുനലൂർ:** പ്രഭാഷകനും ബഥേൽ ബൈബിൾ കോളേജ് അധ്യാപകനും അസംബ്ലിസ് ഓഫ് ഗോഡ് കൗൺസലിംഗ് ഡിപ്പാർട്ട്മെന്റ് ചെയർമാനുമായ ഡോ. സന്തോഷ് ജോൺ ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലിയറി എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. തിരുവന്തപുരത്ത് നടന്ന വാർഷിക സമ്മേളനത്തിലാണ് പ്രഖ്യാപനം ഉണ്ടായത്. 15 അംഗ നിർവാഹക സമിതിയിൽ പെന്തക്കോസ്ത് സഭകളുടെ പ്രതിനിധി ആയിട്ടാണ് ഡോ.സന്തോഷ് ജോൺ തെരഞ്ഞെടുക്കപ്പെട്ടത്. ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റോമോസാണ് ഓക്സിലറി പ്രസിഡന്റ്. റ



വ. ജേക്കബ് ആന്റണി കൂടത്തിങ്കൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ആംഗലേയ ഭാഷയിൽ കേരളാ സർവകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദം നേടി. തുടർന്ന് സെറാമ്പൂർ സർവകലാശാലയിൽ നിന്നും ബി.ഡി യും ബാഗ്ലൂരിലെ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും എം.ടി എച്ചും തുടർന്ന് കൗൺസിലിങ്ങിൽ പി എച്ച് ഡി യും കരസ്ഥമാക്കി.

അസംബ്ലീസ് ഓഫ് ഗോഡിന്റെ തിരുവനന്തപുരം ബഥനി ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പുനലൂർ ബഥേൽ ബൈബിൾ കോളേജിന്റെ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറായി ആയി സേവനം അനുഷ്ഠിക്കുന്നു. അസ്സംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ഇൻസ്റ്റിട്യൂട്ട് ഓഫ് കൗൺസിലിംഗിന്റെ ഡയറക്ടറും ജേർണൽ ഓഫ് കൗൺസിലിംഗിന്റെയും എഡിറ്ററുമാണ്. ഭാര്യ: ബ്ലെസ്സ് സന്തോഷ് ജോൺ, മക്കൾ: സജു ജോൺ, ബ്ലെസ്സൺ ജോൺ. ഡോ.സന്തോഷ് ജോൺ അസ്സംബ്ലീസ് ഓഫ് ഗോഡ് കൊല്ലകടവ് സഭയുടെ അംഗമാണ്.

# ഐപിസി കൊട്ടാരക്കര മേഖല വാർഷിക കൺവൻഷൻ

**കൊട്ടാരക്കര:** ഐപിസി കൊട്ടാരക്കര മേഖലയുടെ 63 മത് വാർഷിക കൺവൻഷൻ 2024 ജനുവരി 3 ബുധൻ മുതൽ 7 ഞായർ വരെ കൊട്ടാരക്കര പുലമൺ ബേർശേബ ഗ്രൗണ്ടിൽ നടക്കും. സ്വദേശത്തും വിദേശത്തും ഉള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുക്കും. ജനുവരി 3 ന് വൈകുന്നേരം 6 മണിക്ക് മേഖല പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിക്കുകയും പാസ്റ്റന്മാരായ കെ.ജെ. തോമസ് കുമളി, ജെയിംസ് ജോർജ്, വിൽസൻ വർക്കി, ജോൺ എസ് മരത്തിനാൽ, ജോൺസൻ ദാനിയേൽ, ഷിബു തോമസ്, സാം ജോർജ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു.പൊതു യോഗം, പ്രഭാത പ്രാർത്ഥന, ബൈബിൾ ക്ലാസ്, ഉണർവ്വ് യോഗങ്ങൾ, ശുശ്രൂഷകകുടുംബ സംഗമം, പുത്രിക സംഘടനകളുടെ വാർഷികം, സ്നാന ശുശ്രൂഷ, സംയുക്ത ആരാധന, കർത്തൃമേശ ശുശ്രൂഷ എന്നിവ നടക്കും. ശുശ്രൂഷക കുടുംബ സംഗമത്തിൽ പാസ്റ്റന്മാരായ കെ.സി.തോമസ്, എബ്രഹാം ജോർജ്, ഫിലിപ്പ് പി. തോമസ് ക്ലാസുകൾ നയിക്കും. മേഖല ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു.

മേഖല പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസ്, വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്, സെക്രട്ടറി ജെയിംസ് ജോർജ് വേങ്ങൂർ, ട്രഷറാർ പി.എം. ഫിലിപ്പ്, വൈസ് പ്രസിഡന്മാരായ പാസ്റ്റർ ജോൺ റിച്ചാർഡ്, പാസ്റ്റർ എ.ഒ. തോമസുകുട്ടി, പാസ്റ്റർ കുഞ്ഞുമോൻ വർഗ്ഗീസ്, പാസ്റ്റർ സി. എ. തോമസ്, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ ജോസ് കെ. എബ്രഹാം. കെ.പി. തോമസ് എന്നിവർ നേതൃത്വം നല്കും




CENTURY 21
ROYAL

SCARSDALE, NEW YORK

We aim to provide our clients what they are looking for in a Real Estate experience.

We have been providing outstanding service in residential and commercial Real Estate for past 29+ years.





GEORGE JOHN
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com

STANLEY MATHEW
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

We still believe in personal service to all our customers who rely on our dedication, trust and integrity



Follow us on:



www.royalfinehomes.com
www.century21royal.com

Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700

## ഇമ്മാനുവേൽ സ്റ്റീഫൻ ജേതാവ്



**ബ്രിസ്ബേൻ:** ഓസ്ട്രേലിയയിൽ നടന്ന ബാഡ്മിന്റൺ അണ്ടർ 17 വിഭാഗം മത്സരത്തിൽ സിംഗിൾസിലും ഡബിൾസിലും ബ്രിസ്ബൻ ക്രിസ്ത്യൻ അസംബ്ലി ദൈവ സഭാംഗം ഇമ്മാനുവേൽ സ്റ്റീഫൻ ജേതാവായി. ഈ നേട്ടം കൈവരിക്കുന്ന ആദ്യ മലയാളിയാണ്.

സ്റ്റീഫൻ-നിസ്സി ദമ്പതികളുടെ രണ്ടാമത്തെ മകനായ ഇമ്മാനുവേൽ, സുവിശേഷകനും ഗാന രചയിതാനുമായ മല്ലിശ്ശേരി പുത്തൻ വീട്ടിൽ ഡോ. പി. കെ. സാം മല്ലിശ്ശേരിയുടെ കൊച്ചു മകനാണ്.

## ഡോക്ടറേറ്റ് നേടി



**തിരുവനന്തപുരം:** കേരള യൂണിവേഴ്സിറ്റിയിൽനിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഷെൻസി മാത്യു ഡോക്ടറേറ്റ് നേടി. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ ധനവ്യയത്തിന്റെ കാര്യക്ഷമത എന്ന വിഷയത്തിൽ നടത്തിയ ഗവേഷണ പഠനത്തിനാണ് ഷെൻസിക്ക് പിഎച്ച്ഡി ലഭ്യമായത്. ചെങ്ങന്നൂർ ടൗൺ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമാണ്. ഭർത്താവ്: എമിൽ എസ് എബ്രഹാം, മകൻ: ജൊസായ എബ്രഹാം എമിൽ.




**മെൽബൺ:** ജാൻസി ജോൺസൺ ഓസ്ട്രേലിയയിലെ മെൽബൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോമെഡിക്കൽ സയൻസിൽ ഡോക്ടറേറ്റ് നേടി. 'Development of an Extracellular Vesicle-based Therapeutic for wound healing' എന്ന വിഷയത്തിലായിരുന്നു ഗവേഷണം നടത്തിയത്. ഐപിസി ജാർഖണ്ഡ് ഡിസ്ട്രിക്ട് പാസ്റ്റർ എം. കെ. ജോൺസൺ- മിനി ദമ്പതികളുടെ മകളാണ് ജാൻസി ജോൺസൻ. ശാരോൻ ഫെലോഷിപ്പ് ചർച്ച് ഐവർകാല, കടമ്പനാട് സഭാംഗമാണ്.



**കോട്ടയം:** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ ബ്ലസൻ ജോർജ്ജ് ഡോക്ടറേറ്റ് നേടി. മെഷിൻ ലേർണിംഗിനെ അധികരിച്ചുള്ള ഗവേഷണത്തിനാണ് പി.എച്ച്.ഡി ലഭിച്ചത്. വിഖ്യാതമായ നേച്ചർ ഗ്രൂപ്പ് ജേർണലിൽ പ്രസിദ്ധികരിച്ച ഗവേഷണഫലം ഏറെ പ്രശംസ നേടി. കോട്ടയം സി.എം.എസ് കോളജിൽ അസിസ്റ്റന്റ് പ്രഫസറായ ബ്ലസൻ ജോർജ്ജ്, പത്തനംതിട്ട വാര്യാപുരം ചർച്ച് ഓഫ് ഗോഡ് സഭംഗമാണ്. നടുവിലേമുറിയിൽ ഇവാ. ഇ.എം. ജോർജ്ജ്-മറിയാമ്മ ജോർജ്ജ് ദമ്പതികളുടെ മകനാണ് ബ്ലസൻ.

ചർച്ച് ഓഫ് ഗോഡ് സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി, ICPF ഗവേണിങ് ബോർഡ് അംഗം തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ച ബ്ലസൻ ജോർജ്ജ് മികച്ച സംഘാടകനും യുവജന പ്രഭാഷകനുമാണ്. ഭാര്യ: സജിനി ജെയിംസ് (അസോസിയേറ്റ് പ്രഫസർ, മുത്തൂറ്റ് കോളേജ് ഓഫ് നഴ്സിംഗ്, പത്തനംതിട്ട).

## ഡോ. നിസ്സി മാത്യുവിനെ ആദരിച്ചു



**ഷാർജ:** ചന്ദ്രയാൻ 3 മിഷനിലെ സയന്റിഫിക് ഉപകരണമായ ചെയ്സ്റ്റിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായി പ്രവർത്തിച്ചിരുന്ന ഐ. സ്. ആർ. ഓ. യിലെ ശാസ്ത്രജ്ഞ ഡോ. നിസ്സി മാത്യുവിനെ വർഷിപ്പ് സെന്റർ കോളേജ് ഓഫ് തിയോളജി ആദരിച്ചു. കോളേജ് രജിസ്ട്രാർ റവ. റോയ് ജോർജിന്റെ അധ്യഷതയിൽ കൂടിയ അനുമോദന സമ്മേളനത്തിൽ കോളേജ് ഡയറക്ടർ റവ. വിൽസൺ ജോസഫ് മൊമെന്റോ നൽകി ആദരിച്ചു. ഡോ. നിസ്സി കോളേജിലെ M. Div വിദ്യാർത്ഥിയാണ്. രാജ്യത്തിന്റെ ബഹിരകാശ വളർച്ചയിൽ സുപ്രധാനമായ പങ്കു വഹിച്ച ഡോ. നിസ്സിയെ അനുമോദിക്കാൻ കോളേജ് വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും കോളേജ് അധ്യാപകരും അഡ്മിമിസ്ട്രേറ്റീവ് അംഗങ്ങളും ഒത്തുകൂടിയ മീറ്റിംഗിന് കോളേജ് ഡീൻ റവ. ഡോ. സൈമൺ ചാക്കോ നേതൃത്വം നൽകി.

ബിലീവേഴ്സ് ജേണലിലേക്ക്
വാർത്തകളും അയയ്ക്കുവാൻ
E- mail: beljourn@gmail.com
Ph: 9526602670

## ശാരോൻ ബൈബിൾ കോളേജ് പൂർവവിദ്യാർഥിസംഗമം

**തിരുവല്ല:** ശാരോൻ ബൈബിൾ കോളേജ് പൂർവവിദ്യാർഥിസംഗമം ഡിസംബർ 2 ന് ഉച്ചകഴിഞ്ഞ് 2.30-4.30 വരെ ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും.

അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫിന്റെ അധ്യക്ഷതയിൽ ശാരോൻ ഫെലോഷിപ്പ് അന്തർദേശീയ പ്രസിഡന്റ് റവ. ജോൺ തോമസ് മുഖ്യപ്രഭാഷണം നടത്തും. പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, പോൾ ഗോപാലകൃഷ്ണൻ, ബോസ് എം. കുരുവിള, കുറിയാക്കോസ് തോട്ടത്തിൽ തുടങ്ങിയവരും പ്രസംഗിക്കും.

പ്രഥമ ബാച്ചിൽ പഠിച്ചിറങ്ങിയവരെ ആദരിക്കലും ചാരിറ്റിപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കേരളത്തിനുവെളിയിൽനിന്നുള്ളവരുടെ സാക്ഷ്യങ്ങളും ഉണ്ടായിരിക്കും.

## ഐപിസി മദ്ധ്യപ്രദേശ് 29-ാമത് വാർഷിക കൺവൻഷൻ

**ഇൻഡോർ:** ഐപിസി മദ്ധ്യപ്രദേശിന്റെ 29-മതു വാർഷിക മിഷനറി കോൺഫെറൻസും കൺവൻഷനും ഇൻഡോറിൽ ഒക്ടോബർ 19 മുതൽ 22 വരെ വളരെ നടന്നു. സ്റ്റേറ്റ് പ്രസിഡന്റ് ഡോ. സണ്ണി ഫിലിപ്പ് ഉൽഘാടനം നടത്തി. വിവിധ സെഷനുകളിലായി പാസ്റ്റർമാരായ തോമസ് ഫിലിപ്പ് (കേരളം), രാംബലി ബാബു (ഉത്തരാഖണ്ഡ്), മനോജ് മാത്യു (കേരളം), റെജി ഫിലിപ്പ് (ഫ്ലോറിഡ), ബിനോയ് ജോസഫ് (ഛത്തിസ്ഗഢ്), ജോർജ് തോമസ് (ഡാളസ്) തുടങ്ങിയവർ പ്രസംഗിച്ചു. 22- രാവിലെ അനുഗ്രഹീത ആരാധനയോടെ യോഗങ്ങൾ സമാപിച്ചു. ഡോ. സണ്ണി ഫിലിപ്പ് (പ്രസിഡന്റ്), പാസ്റ്റർ വർഗീസ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ മാത്യു യോഹന്നാൻ (സെക്രട്ടറി), പാസ്റ്റർ മൈക്കിൾ മാത്യു (ജോ. സെക്രട്ടറി), രാജു കുരുവിള (ജോ. സെക്രട്ടറി), . ബാബു മാത്യു (ട്രെഷറർ) എന്നിവരുടെ നേതൃത്വത്തിൽ 630-ൽ അധികം സഭകൾ പ്രവർത്തിക്കുന്നു. സ്റ്റേറ്റിന്റെ ആവശ്യങ്ങൾക്കായി ഒരു ഓഫീസ് ബിൽഡിംഗ് വാങ്ങുവാൻ ഈ മാസം ദൈവം സഹായിച്ചു.

## ശാരോൻ ഫെലോഷിപ്പ് ചർച്ച്
### ഇവാഞ്ചലിസം ബോർഡ് പുതിയ നേതൃത്വം



**തിരുവല്ല:** പ്രമുഖ പെന്തക്കോസ്ത് പ്രസ്ഥാനമായ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഇവാഞ്ചലിസം ബോർഡിന് പുതിയ നേതൃത്വത്തെ കൗൺസിൽ പ്രഖ്യാപിച്ചു.

ചെയർമാനായി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു.

കണ്ണംമ്പള്ളി ശാരോൻ സഭയുടെ ശുശ്രൂഷകനും യുവജന സംഘടനയായ സി ഇ എം ന്റെ മുൻ ജനറൽ പ്രസിഡന്റും മികച്ച സംഘാടകനുമാണ് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം. വൈസ് ചെയർമാന്മാരായി പാസ്റ്റർ ബെൻസൻ ഡാനിയേൽ ഗുജറാത്ത് (പ്രാർത്ഥനാ ധ്വനി ഡയറക്ടർ), പാസ്റ്റർ ജിജോ യോഹന്നാൻ പുനലൂർ എന്നിവരും ജനറൽ സെക്രട്ടറിയായി സാം ജി കോശിയെയും (മണക്കാല) ജനറൽ ട്രഷറർ ആയി ബിജു സി നൈനാനെയും (പുന്നവേലി) തിരഞ്ഞെടുത്തു.

പാസ്റ്റർ കുരുവിള സൈമൺ പ്രമോഷണൽ സെക്രട്ടറിയായും (ബാംഗ്ലൂർ) ബ്രദർ സന്തോഷ് കൊറ്റാമം കോ-ഓഡിനേറ്ററായും ബ്രദർ ഷിബു അലക്സ് പൂയപ്പള്ളി പബ്ലിസിറ്റി കൺവീനറായും നിയമിതരായി.

## ഐപിസി സോദരി സമാജം ഭാരവാഹികൾ



**കുമ്പനാട്:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സോദരി സമാജം സംസ്ഥാന പ്രസിഡന്റായി ആനി തോമസും (ആലപ്പുഴ) സെക്രട്ടറിയായി ജയമോൾ രാജുവും (പത്തനംതിട്ട) തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ: ആലീസ് ജോൺ റിച്ചാർഡ് കൊല്ലം, ഗീതമ്മ സ്റ്റീഫൻ കോട്ടയം (വൈസ് പ്രസിഡന്റുമാർ), ലിസി വർഗീസ് മലപ്പുറം, സൂസൻ ജോൺ തിരുവന്തപുരം (ജോയിന്റ് സെക്രട്ടറിമാർ), ജോയമ്മ ബേബി പത്തനംതിട്ട (ട്രഷറർ).

ചൊവ്വാഴ്ച്ച ജനറൽ ബോഡിയോടനുബന്ധിച്ച് വോട്ടെടുപ്പ് നടന്നു. ഇന്നലെ (ബുധൻ) വോട്ടെണ്ണിയാണ് ഫലപ്രഖ്യാപനം നടത്തിയത്. ജെയിംസ് ജോർജ്ജ് വേങ്ങൂർ (ഇലക്ഷൻ കമ്മീഷണർ), ജോജി ഐപ്പ് മാത്യൂസ്, സജി മത്തായി കാതേട്ട് (റിട്ടേണിങ്ങ് ഓഫീസർമാർ) എന്നിവർ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

ആലപ്പുഴ വെസ്റ്റ് സെന്ററിലെ ഐപിസി ചെട്ടിയാട് സഭയുടെ പാസ്റ്റർ തോമസ് ബാബുവിന്റെ ഭാര്യയാണ് പ്രസിഡന്റായ ആനി തോമസ്. തിരുവല്ല സെന്ററിലെ ആനപ്രമ്പാൽ സഭയുടെ പാസ്റ്റർ രാജു ജോണിന്റെ ഭാര്യയാണ് സെക്രട്ടറി ജയമോൾ രാജു. പന്തളം സെന്ററിലെ ഐപിസി കാരയ്ക്കാട് സഭാംഗമാണ് ട്രഷററായ ജോയമ്മ ബേബി.

അനുമോദന സമ്മേളനത്തിൽ ജെയിംസ് ജോർജ് വേങ്ങൂർ അധ്യക്ഷത വഹിച്ചു. ഐപിസി സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. സജി മത്തായി കാതേട്ട്, ജോജി ഐപ്പ് മാത്യുസ്, ഐപിസി സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ ഏബ്രഹാം ജോർജ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ ജോൺ റിച്ചാർഡ്, പാസ്റ്റർ സാം പി ജോസഫ്, ഫിന്നി പി. മാത്യു എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികൾ ചുമതല ഏറ്റു.

01 ↩ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്...

ടത്തിപ്പാനായുള്ള ആലോചനാ യോഗം 2023 ഒക്ടോബർ 24-ാം തീയതി സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്നു. അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജ് സ്വാഗത പ്രസംഗം നടത്തി. എഡ്യുക്കേഷൻ ഡയറക്ടർ ഡോക്ടർ ഷിബു.കെ മാത്യു ശതാബ്ദി കൺവൻഷന്റെ കർമ്മ പദ്ധതികളുടെ അവലോകനം അവതരിപ്പിച്ചു. ഓവർസിയർ പാസ്റ്റർ സി. സി. തോമസ് 101-ാമത് കൺവൻഷനെ സംബന്ധമായിട്ടുള്ള കാര്യങ്ങൾ അറിയിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു. സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു സങ്കീർത്തനം വായിച്ചു. ബിലിവേഴ്സ് ബോർഡ് ജനറൽ സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല നന്ദി പ്രകാശിപ്പിച്ചു. സ്വദേശത്തും വിദേശത്തുമുള്ള ലോക പ്രശസ്തരായ അഭിഷിക്തന്മാർ കൺവൻഷനിൽ ദൈവവചനം ശുശ്രൂഷിക്കും.

01 ↩ അസംബ്ലീസ് ഓഫ് ഗോഡ് മലബാർ...

ചാരിറ്റി പ്രവർത്തനങ്ങൾ.

ഡിസ്ട്രിക്ട് സൂപ്രണ്ട് ഡോ.വി.റ്റി ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ പ്രസംഗകരായി പാസ്റ്റർ ഏബ്രഹാം തോമസ് (SIAG സൂപ്രണ്ട് ചെന്നൈ), പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ), പാസ്റ്റർ ജോൺസൻ വർഗ്ഗീസ് (ബാംഗ്ളൂർ), റവ. മോനീസ് ജോർജ് (USA), ഡോ. ഡ്യൂക്ക് ജയരാജ് (ചെന്നൈ). ഗാനശുശ്രൂഷയ്ക്ക് ഏജി ക്വയർ നേതൃത്വം നൽകും.

വിമൻസ് മിഷണറി സമ്മേളനം, യുവജനസമ്മേളനം, സണ്ടേസ്കൂൾ സമ്മേളനം, സുവിശേഷ വിളംബര ജാഥ, രജത ജൂബിലി പൊതുസമ്മേളനം, ബൈബിൾ കൺവൻഷൻ, പൊതുസഭാ യോഗം എന്നിവ ഈ ആഘോഷ നിറവിന്റെ പ്രത്യേകതകളാണ്.


വിപുലമായ കോഡിനേഷൻ കമ്മറ്റി പ്രസ്ബിറ്ററി തലത്തിലും, സെക്ഷൻ തലങ്ങളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ജനറൽ കൺവീനർപാസ്റ്റർ അനീഷ് എം. ഐപ്പ്.

## ഏ.ജി. മാവേലിക്കര സെക്ഷൻ കൺവൻഷൻ

**മാവേലിക്കര:** അസംബ്ലീസ് ഓഫ് ഗോഡ് മാവേലിക്കര സെക്ഷൻ കൺവൻഷനും സംയുക്ത ആരാധനയും നവംബർ 29 മുതൽ ഡിസംബർ 3 വരെ ഓലകെട്ടിയമ്പലം പോസ്റ്റ് ഓഫീസിന് സമീപം നടക്കും. മധ്യമേഖലാ ഡയറക്ടർ റവ.ജെ. സജി ഉദ്ഘാടനം ചെയ്യും. റവ. റ്റി.ജെ. സാമുവൽ (മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട്), റവ. കെ. ജെ. മാത്യു (എസ് ഐ എജി സെക്രട്ടറി), പാസ്റ്റർ പ്രഭ റ്റി. തങ്കച്ചൻ (സെക്ഷൻ പ്രസ്ബിറ്റർ), പാസ്റ്റർ അനീഷ് തോമസ് (പവർ വിഷൻ), പാസ്റ്റർ അനിൽ കൊടിത്തോട്ടം എന്നിവർ പ്രസംഗിക്കും. ഡിസംബർ 2ന് ശനിയാഴ്ച പുത്രികാ സംഘടനകളുടെ സംയുക്ത യോഗം നടക്കും. ഡിസംബർ മൂന്നിന് ഞായറാഴ്ച പൊതു ആരാധന ഉണ്ടായിരിക്കും. സീയോൻ സഞ്ചാരി മ്യൂസിക് ബാൻഡ് സംഗീത ശുശ്രൂഷ നിർവഹിക്കും. റവ.നിക്സൺ കെ. വർഗീസ്, പാസ്റ്റർ കുഞ്ഞുമോൻ ലൂക്കോസ്, അനീഷ് തോമസ് കല്ലുമല എന്നിവർ നേതൃത്വം നൽകും.


# നിത്യതയിൽ

**പാസ്റ്റർ കെ. ജി. രാജുമോൻ**



**തിരുവനന്തപുരം:** ഐപിസി തിരുവനന്തപുരം നോർത്ത് സെന്ററിലെ ഐപിസി ബഥേൽ മൈലമൂട് സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ കെ.ജി രാജുമോൻ (58) നിത്യതയിൽ. സംസ്കാരം സഭാ സെമിത്തെരിയിൽ നടത്തി. ഭാര്യ: ലിസി രാജു. മക്കൾ: ജെയ്സൺ രാജ്, ജെബ്സൺ കെ. രാജു (ഏഷ്യാനെറ്റ്ന്യൂസ്), ജെബ്സി കെ രാജു(കുവൈറ്റ്). മരുമക്കൾ : ലിറ്റോ ജോസഫ്(കുവൈറ്റ്), ഡോ. അഞ്ജിത ദാസ്.

**പാസ്റ്റർ പി. റ്റി. ചാക്കോ**



**കാനം:** പാടത്ത് മാപ്പിള കുടുംബാംഗം പീടിയേക്കൽ പാസ്റ്റർ പി. റ്റി. ചാക്കോ (86) നിത്യതയിൽ. ഐപിസി പാമ്പാടി സെന്ററിലെ സീനിയർ ശുശ്രൂഷകരിൽ ഒരാളായിരുന്നു. സംസ്കാരം നടത്തി. ഭാര്യ: ശോശാമ്മ ചാക്കോ. മക്കൾ : ഡെയ്സി, ഡാർലി, ഡോളി, പാസ്റ്റർ ഡാഡു, ഡിറ്റി.

**പാസ്റ്റർ ഡി. തോമസ്സ്**



**ഇളമ്പൽ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സീനിയർ ശുശ്രൂഷകനും ചരുവിള വീട്ടിൽ പാസ്റ്റർ ഡി. തോമസ്സ് (75) നിത്യതയിൽ. സംസ്കാരം ഇളമ്പൽ എ.ജി സഭയുടെ പ്ലാച്ചേരി സെമിത്തേരിയിൽ നടത്തി. ഭാര്യ: ചിന്നമ്മ തോമസ്. മക്കൾ: ബ്ലെസ്സി തോമസ്സ് (ദന്തൽ കോളേജ്, തിരുവനന്തപുരം), ബ്രോംലി തോമസ്സ് (കേന്ദ്രീയ വിദ്യാലയം, പട്ടം), ടിൻസി തോമസ്സ് (മുൻസിഫ് കോടതി, പുനലൂർ). മരുമക്കൾ: മനോജ് സാമുവേൽ (ബിസിനസ്സ് തിരുവനന്തപുരം), അലീൻ മേരി എമേഴ്സൺ (കോഴഞ്ചേരി), സിജോ ജോൺ (കെ എസ് എഫ് ഇ, പുല്ലാട്).

**ഫിലിപ്പ് വർഗീസ്**



**കുണ്ടറ:** ആറുമുറിക്കട വെളിയാനോട് പ്ലാച്ചിവിള പുത്തൻ വീട്ടിൽ ഫിലിപ്പ് വർഗീസ് (സാജൻ 46) നിത്യതയിൽ. സംസ്കാരം കാരിക്കൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ നടത്തി. മാതാപിതാക്കൾ: ഗീവർഗീസ്, പരേതയായ മേരിക്കുട്ടി. ഭാര്യ: ഷീബ ഫിലിപ്പ്. മക്കൾ: ഗിപ്സൺ ഫിലിപ്പ്, ഗിഫ്റ്റി ഫിലിപ്പ്.

**എം. ജെ. ആന്റണി**



**അരൂർ:** ദേശീയപാത മുറിച്ച് കടക്കവേ കാറിടിച്ച് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ജയിൽ സുവിശേഷകൻ അരൂർ ചന്തിരൂർ മട്ടുമ്മേൽ ഹൗസിൽ എം. ജെ. ആന്റണി കുമ്പളങ്ങി (62) നിത്യതയിൽ. പ്രിസൺ ഗോസ്പൽ മിനിസ്ട്രിയുടെ ആരംഭകാല പ്രവർത്തകനാണ്. ഭാര്യ ജെമ്മ കൊച്ചി ലേക്ഷോർ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. മക്കൾ: നീമ (യു കെ), നിധിൻ (യു കെ), പ്രെയ്സ് (കാനഡ). മരുമകൻ: ജിതിൻ (യു കെ). സംസ്കാരം നടന്നു.

**ഇടുക്കള ഉമ്മൻ**



**തിരുവല്ല:** കോഴിമല അഞ്ചനാട്ട് ഇടുക്കള ഉമ്മൻ (തമ്പി -77) നിത്യതയിൽ. സംസ്കാരം കുമ്പനാട് കടപ്ര ന്യൂലൈഫ് എജി സെമിത്തേരിയിൽ നടന്നു. ഭാര്യ: തിരുവല്ല കുന്നുംപുറത്ത് ഏലിയാമ്മ ഉമ്മൻ. മക്കൾ: സുജ ഷാജി, സോണി ഉമ്മൻ. മരുമക്കൾ: ഷാജി മോൻ ജോസഫ്, ലിന്റോ മാത്യു. കൊച്ചുമക്കൾ : സെബിൻ, സുബിൻ, സാബിൻ, ഹെബ്സിബ, ഹെലീന.

**ജോസഫ്**



**കുറുപ്പന്തറ:** മുട്ടുചിറ ചർച്ച് ഓഫ് ഗോഡ് സഭാംഗം തുശ്ശിപ്പറമ്പിൽ ജോസഫ് (അപ്പച്ചൻ-85) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: കോട്ടയം വാണിയപ്പുരക്കൽ റോസമ്മ. മക്കൾ: ഷേർളി, സുനിൽ, പാസ്റ്റർ മാത്യു ജോസഫ് (ഡൽഹി), മരുമക്കൾ: മുട്ടുചിറ നിരപ്പേൽ ഗിരീഷ്, നിഷാ, അനു മാത്യു (ഡൽഹി), കൊച്ചുമക്കൾ: ഡെനിറ്റ, ഡിക്സി, ഡേവിഡ്, ജിസ്മോൻ, നേഹ, മെൽഡ, ദിയ.

**ആഷ്ബിൻ കെ. സണ്ണി**



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള റീജിയൻ മീനടം സഭാ പാസ്റ്റർ കെ. കെ. സണ്ണിയുടെയും ബ്ലെസി സണ്ണിയുടെയുടെയും മകൻ കാഞ്ഞിത്തുംമൂട്ടിൽ ആഷ്ബിൻ കെ.സണ്ണി (21) ബൈക്ക് അപകടത്തിൽ എറണാകുളത്ത് മരിച്ചു. സംസ്കാരം ചർച്ച് ഓഫ് ഗോഡ് റീജിയൻ സഭയുടെ പൂവക്കാല സെമിത്തേരിയിൽ നടത്തി. സഹോദരങ്ങൾ: ആൽബിൻ, ആഷ്ലി.

**വർഗീസ് ഇ. തോമസ്**



**ബെംഗളൂരു:** ദി പെന്തെക്കൊസ്ത് മിഷൻ ബാംഗ്ലൂർ ജാലഹള്ളി സഭാംഗം മല്ലപ്പള്ളി ഇടിപുറത്ത് വർഗീസ് ഇ.തോമസ് (ബാബു -61) നിത്യതയിൽ. സംസ്കാരം എം.എസ്. പാളയ ക്രിസ്ത്യൻ സെമിത്തെരിയിൽ നടത്തി. ഭാര്യ. ഷേർളി വർഗീസ് കൊച്ചി കൈതത്തറ കുടുംബാംഗം. മക്കൾ. ആശീഷ് ഇ. വർഗീസ് (സി.എസ്.ബി ബാങ്ക് ബെംഗളൂരു), അഭിഷേക് ഇ.വർഗീസ് (ബി.ബി.എ വിദ്യാർഥി, ബിഷപ്പ് കോട്ടൺ കോളേജ് ബെംഗളൂരു).

**വി. വർഗീസ്**



**കുണ്ടറ:** ആറുമുറിക്കട ഊരിയകുന്നത്ത് വിജു വിഹാറിൽ വി. വർഗീസ് (92) നിത്യതയിൽ. ഭാര്യ: പരേതയായ ലില്ലിക്കുട്ടി. മക്കൾ: വിനു വർഗീസ്, ജയൻ വർഗീസ് (CEF India, National Director), പാസ്റ്റർ മനോജ് വർഗീസ്, സന്തോഷ് വർഗീസ്, സിന്ധു റെജി. മരുമക്കൾ: ജയ വിനു, മോളി ജയൻ (CEF India, Mumbai Director), മിനി മനോജ്, സ്മിത സന്തോഷ്, റെജി മാത്യു. സംസ്കാരം കുണ്ടറ കാരിക്കൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ നടത്തി.

**സാലി മാത്യു**



**പത്തനംതിട്ട:** സീതത്തോട് ആങ്ങമൂഴി ഏ.ജി സഭാംഗം പറങ്ങാംമൂട്ടിൽ പി.എം മാത്യുവിന്റെ ഭാര്യ സാലി മാത്യു (54) നിത്യതയിൽ. കുളക്കുറ്റിയിൽ കുടുംബാംഗമാണ്. സംസ്കാരം ആങ്ങമൂഴി ഏ ജി സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: സ്റ്റാൻലി മാത്യു, സ്റ്റെഫി മാത്യു.

**അമ്മിണി കുര്യൻ**




**കോട്ടയം:** അരീപ്പറമ്പ് പുത്തൻപുരയിൽ കെ. പി. കുര്യന്റെ ഭാര്യ അമ്മിണി കുര്യൻ (95) നിത്യതയിൽ. മക്കൾ: ലോവീസ് ഡാനിയേൽ (ഫ്ലോറിഡ), കുര്യൻ സോളമൻ (ഒക്കലഹോമ), മേഴ്സി ജോർജ് (ഭാദ്രവതി),ബ്ലെസ്സി തോമസ് (ന്യൂയോർക്ക്), ഫിലേമോൻ കുര്യൻ (ഫ്ലോറിഡ). മരുമക്കൾ: ഡാനിയേൽ തോമസ് (ഫ്ലോറിഡ), ഏലിയാമ്മ സോളമൻ (ഒക്കലഹോമ), സി.പി. ജോർജ് (ഭാദ്രവതി) റവ. കെ. എസ് തോമസ് (ന്യൂയോർക്ക്) ഡോ. സുമ കുര്യൻ (ഫ്ലോറിഡ).

**സൈമൺ ജേക്കബ്**



**ചെന്നൈ:** ദി പെന്തെക്കൊസ്ത് മിഷൻ അയിനംപാക്കം സഭാംഗം സൈമൺ ജേക്കബ് (78) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ. നിർമല സൈമൺ. മക്കൾ. മനോജ് സൈമൺ, നവീൻ സൈമൺ, ദീപ സൈമൺ, സുരൺ സൈമൺ. മരുമകൾ.ഡയാന നവീൻ. സഹോദരങ്ങൾ: ഏബ്രഹാം ജേക്കബ് (ചെന്നൈ), പരേതയായ അന്നമ്മ ഫിലിപ്പ്.

**വി. വി. ജോർജ്**



**റാന്നി, കരിയംപ്ലാവ്:** നെല്ലിക്കാമൺ ഐപിസി താബോർ സഭാംഗമായ വേലംപറമ്പിൽ വി. വി. ജോർജ് (90) നിത്യതയിൽ. ഭാര്യ പരേതയായ മറിയാമ്മ ജോർജ്. മക്കൾ: ബെന്നി ജോർജ്, സാം ജോർജ്, ബെറ്റി കോളിൻസ്. മരുമക്കൾ: ഷേർളി ജോർജ്, ബ്ലെസ്സി സാം, കോളിൻ മാത്യൂസ്. സംസ്കാരം നെല്ലിക്കാമൺ ഐപിസി താബോർ സഭയിൽ നടത്തി.

**എം. വി. ജേക്കബ്**



**നാഗ്പൂർ:** ചർച്ച് ഓഫ് ഗോഡ് ഉന്ഖാന സഭാംഗം എബനേസർ വില്ലയിൽ എം. വി.ജേക്കബ് (88) നിത്യതയിൽ. തിരുവല്ല വെണ്ണിക്കുളം മുണ്ടകമണ്ണിൽ കുടുംബാംഗമാണ്. സംസ്കാരം നടത്തി. ഭാര്യ: അച്ചാമ്മ ജേക്കബ്, മക്കൾ: അലക്സ് ജേക്കബ് (കാനഡ), വർഗീസ് ജേക്കബ് (നാഗ്പൂർ), സന്തോഷ് ജേക്കബ് (ദുബായ്), മരുമക്കൾ: ഷീബ അലക്സ്, ബെൻസി വർഗീസ്, ജിഷ സന്തോഷ്.

**ഷൈബി ഫിലിപ്പ് കിച്ചനാർ (കാനഡ):**



താബോർ ഗോസ് പൽ അസംബ്ളി കിച്ചനാർ സഭാംഗം പാസ്റ്റർ ലാലു ഫിലിപ്പിന്റെ ഭാര്യ ഷൈബി ഫിലിപ്പ് (47) നിത്യതയിൽ. സംസ്കാരം നടത്തി. മകൻ: ജോഷ്വ ഫിലിപ്പ്.

**ലീലാമ്മ ജെയിംസ്**



**കോട്ടയം:** കോട്ടയം സെൻട്രൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ മലയിൽ ജെയിംസിന്റെ ഭാര്യ ലീലാമ്മ ജെയിംസ് (മോളി, 57) നിത്യതയിൽ. സംസ്കാരം ബാംഗ്ലൂരിലെ തുംകൂർ എബനേസർ ചർച്ച് സെമിത്തേരിയിൽ നടത്തി. മക്കൾ: രേഷ്മ, ഗ്രീഷ്മ

**മറിയാമ്മ ചാക്കോ**




**വെൺമണി:** വെൺമണി ചർച്ച് ഓഫ് ഗോഡ് സഭാംഗമായ കുന്നുംപുറത്ത് പരേതനായ ഗീവർഗീസ് ചാക്കോയുടെ (ബേബി) ഭാര്യ മറിയാമ്മ ചാക്കോ നിത്യതയിൽ. സംസ്കാര ശുശ്രൂഷ നടത്തി. പുനലൂർ ബഥേൽ ബൈബിൾ കോളേജ് മുൻ അധ്യാപകൻ പാസ്റ്റർ കെ.സി ജോണിന്റെ മാതാവ് ആണ്. മറ്റു മക്കൾ: കെ.സി. വർഗീസ്, കെ. സി. ജോഷ്വാ, കെ.സി.മാത്യു, കെ. സി.ജേക്കബ്, കെ.സി.എബ്രഹാം.

**സൂസമ്മ ചാക്കോ**



**കുറുമ്പകര:** കുറുമ്പകര ഐ. പി. സി എലീം സഭാംഗം കോലിയാക്കോട് വീട്ടിൽ പരേതനായ തോമസ് ചാക്കോയുടെ ഭാര്യ സൂസമ്മ ചാക്കോ (80) നിത്യതയിൽ. സംസ്കാരം കുറുമ്പകര ഐ.പി.സി എലീം സഭ സെമിത്തേരിയിൽ നടത്തി. വെൺമണി കാഞ്ഞിരം നിൽക്കുന്നതിൽ കുടുംബാംഗമാണ്. മക്കൾ: രാജു, സാബു, സാലി, ഷാജി, സാനു, സിബി. മരുമക്കൾ: പൊന്നമ്മ, സുജ, റെഡ്ജി, ലെനി, ലെനി, പാസ്റ്റർ രെഞ്ചൻ ജോർജ്, അനിൽ ജോർജ്.

**ഏലിയാമ്മ വർഗീസ്**



**ഒക്കലഹോമ:** റാന്നി വെച്ചൂച്ചിറ പുത്തൻപറമ്പിൽ പരേതനായ വർഗീസ് പി. എബ്രഹാമിന്റെ (ജോയി) ഭാര്യ ഏലിയാമ്മ വർഗീസ് (അമ്മിണി -78 ) നിത്യതയിൽ. റാന്നി കണ്ടംപേരൂർ കൊടമലയിൽ കുടുംബാംഗമാണ്. മക്കൾ: എബി, സിബി, ജുബി. മരുമക്കൾ: ബിൻസി, ഡിറ്റി, ഷിബു. സംസ്കാരം നടത്തി.

**കുഞ്ഞന്നാമ്മ ഐസക്**

**അങ്കലേശ്വർ, ഗുജറാത്ത്:**



ശാരോൻ ഫെല്ലോഷിപ്പ് അങ്കലേശ്വർ സഭാംഗം നിലമ്പൂർ കണ്ണിമേൽ തറയത്ത് ഐസക് ഇടിക്കുളയുടെ ഭാര്യ കുഞ്ഞന്നാമ്മ ഐസക് (65) നിത്യതയിൽ. ചിറ്റാർ മുണ്ടുകോട്ടക്കൽ കുടുംബാംഗമാണ്. സംസ്കാരം ശാരോൻ ഫെല്ലോഷിപ്പ് അങ്കലേശ്വർ സഭയുടെ നേതൃത്വത്തിൽ നടത്തി. മക്കൾ: അക്സ ജിബിൻ, ഫേബാ ഐസക്. മരുമകൻ: ജിബിൻ.

**സൂസന്നാമ്മ ജോൺ**



ശൂരനാട് വടക്ക് പടിഞ്ഞാറ്റംമുറി സാം വില്ല (നരിയൂഞ്ചേരിൽ) സൂസന്നാമ്മ ജോൺ (68) നിത്യതയിൽ. സംസ്കാരം ശൂരനാട് എ.ജി. ചർച്ച് സെമിത്തേരിയിൽ നടത്തി. ഭർത്താവ്: എൻ. ജെ. ജോൺ. മക്കൾ: സാംസൺ ജോൺ, സോളമൻ ജോൺ (സോളമൻസ് കാറ്ററിങ്), സിൽവിയ ജോൺ. മരുമക്കൾ: ശിൽപ സാംസൺ, മറീന സോളമൻ, സോണി വർഗീസ്.

**കുഞ്ഞമ്മ ജോൺസൺ**



**ന്യൂഡൽഹി:** ദൈവസഭ മുൻ ശുശ്രൂഷകൻ തിരുവല്ല അഴിയിടത്തുചിറ കൊന്നയിൽ വീട്ടിൽ പരേതനായ പാസ്റ്റർ കെ. പി. ജോൺസന്റെ ഭാര്യ കുഞ്ഞമ്മ ജോൺസൺ (65) നിത്യതയിൽ. ഇടുക്കി പീരുമേട് കൊച്ചുപുരയ്ക്കൽ കുടുംബാംഗമാണ്. 37 വർഷമായി ഭർത്താവിനോടൊപ്പം വിവിധയിടങ്ങളിൽ സുവിശേഷ വേലയിൽ വ്യാപൃതയായിരുന്നു. സംസ്കാരം ഡൽഹി ഭദ്രിയിലെ സെന്റ് തോമസ് ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. മക്കൾ: പാസ്റ്റർ പ്രിൻസ് ജോൺസൺ (ഡൽഹി), പ്രിജു കെ. ജോൺസൺ (യു.കെ), പ്രിയ (ഡൽഹി). മരുമക്കൾ: റൂബി ജോൺസൺ, ജിഷ ജോർജ്, പാസ്റ്റർ ദിനേശ് കുഞ്ഞുമോൻ (ഡൽഹി).

**മേഴ്സി ശാമുമേൽ**




**പന്തളം:** പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുടെ ആരംഭകാല പ്രവർത്തകനായിരുന്ന പരേതനായ കുറ്റൂർ കുട്ടിയച്ചന്റെ മകൻ പന്തളം പുരയ്ക്കൽ മേഴ്സി വില്ലയിൽ (കുറ്റൂർ കോടിയാട്ട് കിണറ്റുകാലായിൽ) പരേതനായ പി.എൻ. ശാമുവേലിന്റെ ഭാര്യ മേഴ്സി ശാമുമേൽ (80) നിത്യതയിൽ. സംസ്കാരം നടത്തി. പരേത മാവേലിക്കര മാമ്മൂട്ടിൽ കുടുംബാംഗവും, പരേതനായ പാസ്റ്റർ പി.ടി. ചാക്കോയുടെ (വെട്ടിയാറ്റ് ചാക്കോച്ചൻ) മകളുമാണ്. മക്കൾ: നൈനാൻ കോടിയാട്ട് (യു.എസ്.എ), ജേക്കബ് കോടിയാട്ട് (കാനഡ). മരുമക്കൾ: ജെസ്സി (യു.എസ്.എ), ജോളി (കാനഡ). കൊച്ചുമക്കൾ: ജെഫ്രി, സോഫിയാ, ജെന്നിഫർ, ജോർഡൻ.

**ഉമ്മൻ മാത്യു (സണ്ണി)**



**റാന്നി:** ഐ.പി.സി. റാന്നി ഈസ്റ്റ് സെന്റർ മുൻ ജോയിന്റ് സെക്രട്ടറിയും ട്രഷററും ആയിരുന്ന പുളച്ചെടിയിൽ ഉമ്മൻ മാത്യു (സണ്ണി 64) നിത്യതയിൽ. സംസ്കാരം ഐ.പി.സി. ഊട്ടിച്ചുവട്ടിലുള്ള സഭാസെമിത്തേരിയിൽ നടത്തി. ഭാര്യ: റെയ്ച്ചൽ ഉമ്മൻ, മകൾ: സോണിയ.

MOB: 9526602670
beljourn@gmail.com
VOL 16, ISSUE 10
Price: ₹ 10
BELIEVERS JOURNAL
PUBLISHED ON 25/11/2023
BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547
RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.